# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുമാരപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 10-1305/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 07/12/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുമാരപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 10-1305/2023 തീയ്യതി: 07/12/2023

# ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-01-2023 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 12-10-2023 | 21-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-10-2023 | 21-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ആശ എം.വി., ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീദേവി ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രഞ്ജു പ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ലേഖ പി.കെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ഒ.സൂസി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.മണിക്കുട്ടൻ.എം | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| വൃന്ദ ടി എസ് | കൃഷി ഓഫീസർ | 01-04-2022 | 14-11-2022 |
| വിജി.കെ.എസ് | കൃഷി ഓഫീസർ | 14-11-2022 | 31-03-2023 |
| ഡോ.ദിവ്യ ആർ തങ്കം | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| അജിത .വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. ശ്രീധർ എം എച്ച് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.സിജി റ്റി.ജി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 18-04-2022 |
| ഡോ.പ്രണിത നെൽസൺ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 18-04-2022 | 15-02-2023 |
| ഡോ.ദീപ എ.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 15-02-2023 | 02-03-2023 |
| ഡോ.സ്മിത എം നായർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 02-03-2023 | 31-03-2023 |
| ഗിരിജ എൻ മാധവ് | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് | 01-04-2022 | 31-03-2023 |
| ദീപശ്രീ പി.എസ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 31-03-2023 |
| അബ്ദുൾ അഫാർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(താമല്ലാക്കൽ) | 01-04-2022 | 31-03-2023 |
| അഖിൽ ദാസ്. പി .എച്ച് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ( കുമാരപുരം) | 01-04-2022 | 31-03-2023 |
| റിഷി .എസ് | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| സിന്ധു ഈശ്വരൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ ലെൻഡ അലക്സ് | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | ഡിപ്പോസിറ്റ് രജിസ്റ്ററിലെ ചില തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ഡി.സി.ബി രേഖപ്പെടുത്തിയിട്ടില്ല - കൃത്യത പരിശോധിയ്ക്കാനായില്ല | 1-1-4 |
| 6 | വസ്തു നികുതി സഞ്ചയ സോഫ്റ്റ്‌വെയറിലെ തുകകൾ വാർഷിക കണക്കിലുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | എം.ജി.എൻ.ആർ.ഇ.ജി.എസ്. - എം ഐ സ്റ്റേറ്റ്മെന്റിലെ ചെലവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | നീക്കിയിരിപ്പ് തുക റീ - കൺസീലിയേഷന് ശേഷവും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic), സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) - എന്നീ ഇനങ്ങളിൽ ACR പ്രകാരമുള്ള ചെലവ് തുക വാർഷിക കണക്ക്, സുലേഖ ചെലവ് പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | സ്ഥാപന തൊഴിൽ നികുതി വരവ് വാർഷിക കണക്ക്, രജിസ്റ്റർ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ചെക്കിന്റെ കാലാവധിക്കുള്ളിൽ പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-11 |
| 13 | നിക്ഷേപ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ തൻവർഷം ഒടുക്കിയ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഫണ്ട് വിനിയോഗം (എസിആർ പ്രകാരം) | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |

| | | |
|---|---|---|
| 21 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 22 | ഓഡിറ്റ് ഇംപാക്റ്റ്-തൊഴിൽ നികുതിയിനത്തിൽ 15,200/-രൂപ ഈടാക്കി | 1-10 |
| 23 | ഓഡിറ്റ് ഇംപാക്റ്റ്-മോട്ടർ റണ്ണിഗ് ഫീസ്, ലൈസൻസ് ഫീസ് ഇനത്തിൽ 2,500/-രൂപ ഈടാക്കി | 1-11 |
| 24 | ഓഡിറ്റ് ഇംപാക്റ്റ് - ശാരീരിക - മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് - അധികം നല്കിയ 3,000/- രൂപ തിരികെ അടച്ചു | 1-12 |
| 25 | ഓഡിറ്റ് ഇംപാക്റ്റ്-ജി.എസ്.ടി ഇനത്തിൽ കരാറുകാരന് അധികം നല്കിയ തുക തിരികെ ഈടാക്കി | 1-13 |
| 26 | നികുതി -നികുതിയേതര വരുമാനം അവലോകനം | 1-14 |
| 27 | വസ്തു നികുതി നിർണ്ണയത്തിൽ ആവശ്യമായ വർദ്ധനവ് നല്കിയില്ല | 1-15 |
| 28 | ഉപയോഗക്രമം ശരിയായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചില്ല | 1-16 |
| 29 | മരണം റിപ്പോർട്ട് ചെയ്തതിന് ശേഷവും പെൻഷൻ അനുവദിക്കുന്നു | 1-17 |
| 30 | അധിക നിരക്കിൽ റ്റി എ നല്കി | 1-18 |
| 31 | പത്രപ്പരസ്യം -നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവ | 1-19 |
| 32 | പാലിയേറ്റീവ് കെയർ നഴ്സിന് ഇൻസെന്റീവ്- സർക്കാർ ഉത്തരവ് പാലിച്ചില്ല | 1-20 |
| 33 | കെ.എം.എസ്.സി.എൽ. ന് തുക മുൻകൂർ നൽകിയിട്ടും മരുന്ന് പൂർണ്ണമായും ലഭിച്ചില്ല | 1-21 |
| 34 | എം.സി.എഫ് -ൽ അഗ്നി സുരക്ഷ സംവിധാനം സ്ഥാപിക്കൽ - പണി പൂർത്തീകരിച്ചില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-22 |
| 35 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമായില്ല | 1-23 |
| 36 | ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 1-24 |
| 37 | മൃഗാശുപത്രിയ്ക്ക് കെട്ടിടനിർമ്മാണം -മണ്ണ് പരിശോധന, സ്ട്രക്ച്ചറൽ ഡിസൈനിംഗ് - നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ പ്രവൃത്തി നടപ്പാക്കി | 1-25 |
| 38 | അസെറ്റ് മാപ്പിംഗ് (R-Track) പ്രോജക്ട് -പൂർത്തീകരിച്ചില്ല | 1-26 |
| 39 | ടാർ ബാരൽ വിലയും ജി.എസ്.ടി. യും കുറവുചെയ്യുന്നത് സെക്രട്ടറിയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു | 1-27 |
| 40 | കുട്ടംകൈത നന്ദുകാടൻ റോഡ് ടാറിംഗ്-പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല – നടപടിക്രമം പാലിച്ചില്ല | 1-28 |
| 41 | നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-29 |
| 42 | ലൈഫ് ഭവന പദ്ധതി - പണി ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ | 1-31 |
| 43 | ഐ.കെ.എം. വിഹിതം നൽകൽ | 1-32 |

| | | |
|---|---|---|
| 44 | പ്രിന്റിംഗ് ചാർജ്ജ് നൽകിയതിന് ആദായനികുതി ഈടാക്കിയില്ല | 1-33 |
| 45 | വൃദ്ധർക്ക് കട്ടിൽ- പ്രോജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ | 1-34 |
| 46 | സർക്കാരിന്റെ പ്രത്യേക അനുവാദം കൂടാതെ ഭക്ഷണ വിതരണത്തിനായി പ്രോജക്ട് നടപ്പാക്കി | 1-35 |
| 47 | ബഡ്സ് റീഹാബിലിറ്റേഷൻ ഫെസിലിറ്റേഷൻ സെന്റർ - പ്രവർത്തനം ആരംഭിച്ചില്ല | 1-36 |
| ഭാഗം **2** | | |
| 1 | ഉപയോഗ ക്രമത്തിനനുസരിച്ച് നികുതി നിർണ്ണയിച്ചില്ല | 2-1 |
| ഭാഗം **3** | | |
| 1 | ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്രഗവൺമെന്റ്, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 24-07-2023 ലെ 1/1-ാം നമ്പർ കമ്മറ്റി തീരുമാനപ്രകാരം തയ്യാറാക്കി 25.07.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ട കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസിപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനയിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടേയും വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഭാഗമായി എനിക്ക് ലഭിച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി കുമാരപുരം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെ കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) റൂൾസ് 2011, പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട താഴെ ചേർക്കുന്നവ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

എ)റൂൾ 62(2)(ഇ) പ്രകാരം, അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ

ബി)റൂൾ 62(2)(എഫ്) പ്രകാരം, അടിസ്ഥാന അനുപാതങ്ങൾ-അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ.

സി)റൂൾ 62(3) പ്രകാരം, ഈ ചട്ടങ്ങൾ ബാധകമാക്കുന്ന ആദ്യ വർഷത്തേതിലൊഴികെ എല്ലാ വർഷങ്ങളിലും മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ഡിപ്പോസിറ്റ് രജിസ്റ്ററിലെ ചില തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

Bidders EMD ഇനത്തിൽ വാർഷിക കണക്ക് പ്രകാരം ചെലവില്ല. എന്നാൽ, ടി ഇനത്തിൽ രജിസ്റ്ററിൽ 9,000/-രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്.

### 1-1-4 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ഡി.സി.ബി രേഖപ്പെടുത്തിയിട്ടില്ല - കൃത്യത പരിശോധിയ്ക്കാനായില്ല

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ഡി.സി.ബി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

### 1-1-5 വസ്തു നികുതി സഞ്ചയ സോഫ്റ്റ്‌വെയറിലെ തുകകൾ വാർഷിക കണക്കിലുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി സഞ്ചയ പ്രകാരമുള്ള ഡി സി ബി - യും വാർഷിക കണക്ക് പ്രകാരമുള്ള ഡി സി ബി - യും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല. 31.03.2023-ൽ മാത്രമാണ് രേഖപ്പെടുത്തലുകളുള്ളത്.

### 1-1-7 എം.ജി.എൻ.ആർ.ഇ.ജി.എസ്. - എം ഐ സ്റ്റേറ്റ്മെന്റിലെ ചെലവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

എം.ജി.എൻ.ആർ.ഇ.ജി.എസ്. വിഭാഗത്തിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് 7,17,23,000/-രൂപയാണ്. എന്നാൽ വാർഷിക കണക്ക് ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I - 6 പ്രകാരമുള്ള ആകെ റെവന്യൂ ചെലവും (6,66,82,346/-രൂപ) ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ലെഡ്ജർ പ്രകാരമുള്ള തുകയും (6,71,684/-രൂപ) ചേർന്ന തുക 6,73,54,030/-രൂപയെന്ന് കാണുന്നു.

### 1-1-8 നീക്കിയിരിപ്പ് തുക റീ - കൺസീലിയേഷന് ശേഷവും പൊരുത്തപ്പെടുന്നില്ല

യൂണിയൻ ബാങ്ക് അക്കൌണ്ട് (Account No. 556002010009252) -വാർഷിക കണക്കിലെ RP40 ( B ) പ്രകാരമുള്ള നീക്കിയിരിപ്പ് തുക 94,198/- രൂപയാണ്. പാസ് ബുക്ക് പ്രകാരം 9,198/- രൂപ. വ്യത്യാസം – 85,000/-രൂപ. റീ – കൺസീലിയേഷന് ശേഷവും നിലനിൽക്കുന്നു.

**1-1-9 സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic), സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) - എന്നീ ഇനങ്ങളിൽ ACR പ്രകാരമുള്ള ചെലവ് തുക വാർഷിക കണക്ക്, സുലേഖ ചെലവ് പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല**

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic), സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) - എന്നീ ഇനങ്ങളിൽ ACR പ്രകാരമുള്ള ചെലവ് തുക 1,07,54,351/- രൂപയും വാർഷിക കണക്ക്, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരമുള്ള ചെലവ് തുക 1,07,26,342/- രൂപയുമാണ്.

**1-1-10 സ്ഥാപന തൊഴിൽ നികുതി വരവ് വാർഷിക കണക്ക്, രജിസ്റ്റർ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല**

സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ വാർഷിക കണക്ക്, രജിസ്റ്റർ എന്നിവ പ്രകാരമുള്ള വരവ് തുകകൾ പൊരുത്തപെടുന്നില്ല . സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള വരവ് – 87,340/- രജിസ്റ്റർ പ്രകാരമുള്ള വരവ്- 46,250/-.വ്യത്യാസം -41,090/-

**1-1-11 ചെക്കിന്റെ കാലാവധിക്കുള്ളിൽ പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല**

ചെക്കിന്റെ കാലാവധിക്കുള്ളിൽ (നല്കി 3 മാസത്തിനുള്ളിൽ) പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

| ക്രമ നം. | ചെക്ക് നം. തീയതി | തുക |
|---|---|---|
| കേരള ബാങ്ക് (അക്കൌണ്ട് നം. 124612803000016) | | |
| 1 | 087030/11.05.2022 | 240 |
| 2 | 087086/15.06.2022 | 200 |
| 3 | 087052/ 30..2022 | 61,630 |
| 4 | 087082/14.06.2022 | 2,745 |
| 5 | 090796/13.10.2022 | 300 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നല്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ മേൽ ചെക്കുകളുടെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

**1-1-12 നിക്ഷേപ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ തൻവർഷം ഒടുക്കിയ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല**

നിക്ഷേപ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ ചെലവ് പത്രിക പ്രകാരം തൻവർഷം ഒടുക്കിയ തുക –31,50,000/-. എന്നാൽ വാർഷിക കണക്ക് പ്രകാരം 31,67,000/-.

**1-2 ബജറ്റ്**

2022-23 വർഷത്തെ ബജറ്റ് 26.03.2022 തീയതിയിലെ 1-നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 29,81,79,968 | 29,68,33,045 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെൻഡിച്ചർ) | 15,80,65,824 | 15,64,19,187 |

പുതുക്കിയ ബജറ്റിന്റെ വിവരം

2022-23 വർഷത്തെ പുതുക്കിയ ബജറ്റ് 26.03.2023 തീയതിയിലെ -2- നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 26,46,43,996 | 26,34,49,645 |

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,08,93,113 |
| വരവ് | 3,47,65,391 |
| ആകെ | 4,56,58,504 |
| ചെലവ് | 3,77,81,981 |
| നീക്കിയിരിപ്പ് | 78,76,523 |

1-4 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 55,12,829 | 87,52,171 | 1,42,65,000 | 1,38,53,617 | 4,11,383 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 5,06,492 | 14,63,508 | 19,70,000 | 18,36,916 | 1,33,084 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 83,698 | 1,15,302 | 1,99,000 | 1,90,783 | 8,217 |

| ഫണ്ടിനം | മുന്നിരിപ്പ് | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 0 | 55,80,000 | 55,80,000 | 44,51,842 | 11,28,158 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 0 | 0 | 54,87,000 | 54,87,000 | 54,87,000 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് -ട്രഷറി | 0 | 0 | 14,52,582 | 14,52,582 | 14,49,160 | 3,422 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് -ബാങ്ക് | 9,60,713 | 0 | 46,74,000 | 56,34,713 | 56,34,713 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് -ട്രഷറി | 0 | 0 | 2,51,730 | 2,51,730 | 2,14,604 | 37,126 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് -ബാങ്ക് | 1,83,843 | 0 | 32,45,324 | 34,29,167 | 34,27,865 | 1,302 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 131 | 16,23,62,338 | 95 | 11,59,98,089 | 30 | 6 | 71.44% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8,980 | 17,69,601 | 17,78,581 | 8,48,215 | 9,30,366 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 6,65,05,815 | 6,65,05,815 | 6,65,05,815 | |
| ആകെ | 8,980 | 6,82,75,416 | 6,84,396 | 6,73,54,030 | 9,30,366 |

എം.ജി.എൻ.ആർ.ഇ.ജി.എസ്. ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവ് കണക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 67,43,600 | 12 |
| വിധവാ പെൻഷൻ | 90,75,000 | 45 |
| വാർദ്ധക്യകാല പെൻഷൻ | 1,59,02,000 | 118 |
| വികലാംഗ പെൻഷൻ | 31,04,000 | 6 |
| അവിവാഹിത പെൻഷൻ | 8,13,000 | 40 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 90,000 | 3 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.10.2023 തീയതിയിൽ 12:30 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,145/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

2. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല.

3. തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാ രേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത്. ഗ്രാമപഞ്ചായത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും അപൂർണ്ണമാണ്. പദ്ധതി മാർഗ്ഗരേഖയിൽ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ പ്രസക്തി വ്യക്തമാക്കിയിട്ടുണ്ടെങ്കിലും റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ഗൗരവകരമായ സമീപനം പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല.

4. റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 ഓഡിറ്റ് ഇംപാക്ട്-തൊഴിൽ നികുതിയിനത്തിൽ 15,200/-രൂപ ഈടാക്കി

പഞ്ചായത്തിന്റെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതു പ്രകാരം അമേയ്സിംഗ് ഇന്റീരിയേഴ്സ്(15/174A) എന്ന സ്ഥാപനം പ്രവർത്തിക്കുന്നതായും ഈസ്ഥാപനത്തിൽ 40 ജീവനക്കാർ തൊഴിലെടുക്കുന്നതായുള്ള രേഖപ്പെടുത്തലും കണ്ടതിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാപനത്തിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറി (11/17.102023)യിലൂടെ സൂചിപ്പിച്ചതിനെ തുടർന്ന് രസീത് നം.1230600068/20.10.2023 പ്രകാരം 2022-23 സാമ്പത്തിക വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽ നികുതിയിനത്തിൽ 15,200/-രൂപ ഈടാക്കി.

## 1-11 ഓഡിറ്റ് ഇംപാക്ട്-മോട്ടർ റണ്ണിഗ് ഫീസ്, ലൈസൻസ് ഫീസ് ഇനത്തിൽ 2,500/-രൂപ ഈടാക്കി

1996-ലെ കേരള പഞ്ചായത്ത് രാജ് (അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് പുതുക്കുമ്പോൾ പട്ടികIII പ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതാണെങ്കിലും താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ അപേക്ഷയിലും അവയോടൊപ്പം ഹാജരാക്കിയിരിക്കുന്ന മറ്റ് വകുപ്പുകളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റിലും രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രങ്ങളുടെ കുതിരശക്തിക്കാനുപാതികമായി മോട്ടോർ റണ്ണിംഗ് ഫീസീടാക്കാതിരുന്നതിനും,സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിനും ഓഡിറ്റ് അന്വേഷണം ( 03/17.10.2023)നല്കിയതിനെ തുടർന്ന് തുക ഈടാക്കി. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര്/വിലാസം | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ടതുക | ഈടാക്കിയ തുക/രസീത് നം. /തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | മുഹമ്മദ് ഫർസാദ്, കല്യാനകുളത്ത് ഓട്ടോബാൻ ട്രക്കിംഗ് സർവ്വീസ് | 95Hp | 500/- | 500/ -1230600055 /19/10/2023 |
| 2 | ഷാജി ജോസഫ് 9/323 അഥീന എക്സ്പോർട്സ് | 80Hp | 500/- | 500/- 1230600052 19/10/2023 |
| 3 | എസ്.ഗോപാലകൃഷ്ണൻ, ചീരയ്ക്കാട്ട് മഠം7/518, കീർത്തി പി.വി.സി | 98Hp | 500/- | 500/- 1230600050 19/10/2023 |

പ്രമോദ്കുമാർ ആർ. എന്ന വ്യക്തി പൾസ് ഹോസ്പിറ്റലിനായി ലൈസൻസ് എടുക്കാതിരിരുന്നത് ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് 21.10.2023-ലെ രസീത് നം.1230600070 പ്രകാരം1,000/-രൂപ ഈടാക്കി അറിയിച്ചിട്ടുണ്ട്.

1-12 ഓഡിറ്റ് ഇംപാക്റ്റ് - ശാരീരിക - മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് - അധികം നല്കിയ 3,000/- രൂപ തിരികെ അടച്ചു

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ശാരീരിക - മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് (പ്രോജക്ട് നം. – S0014/23) എന്ന പ്രോജക്ട് പ്രകാരം, ഗുണഭോക്താക്കളുടെ അക്കൌണ്ടിലേയ്ക്ക് തുക നല്കിയപ്പോൾ ശ്രീ.അഭിജിത്ത് ഡി., ഇയ്യാനത്ത് കിഴക്കതിൽ, താമല്ലാക്കൽ എന്ന ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് (അക്കൌണ്ട് നം.38092592463- എസ്.ബി.ഐ., ഡാണാപ്പടി) 3,000/- രൂപ അധികം നല്കി.ഈ വിവരം ചൂണ്ടിക്കാണിച്ച് ഓഡിറ്റ് അന്വേഷണം (നം. 23 / തീയതി - 20.10.2023) നല്കിയതിനെത്തുടർന്ന് 3,000/- രൂപ ട്രഷറിയിൽ ഒടുക്കി ചലാന്റെ (ചലാൻ നം.- GRN-KL022169924202324 M തീയതി -20.10.2023) പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കി.

1-13 ഓഡിറ്റ് ഇംപാക്ട്-ജി.എസ്.ടി ഇനത്തിൽ കരാറുകാരന് അധികം നല്കിയ തുക തിരികെ ഈടാക്കി

ഓഡിറ്റ് ഇംപാക്ട്-ജി.എസ്.ടി ഇനത്തിൽ കരാറുകാരന് അധികം നല്കിയ തുക തിരികെ ഈടാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ ഓരുജല നിയന്ത്രണം സ്ലൂയിസുകളുടെ നിർമ്മാണം എന്ന പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കൃഷിയ്ക്കായുള്ള പാടശേഖരത്തിലേയ്ക്ക് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി നിലവിലുള്ള സ്ലൂയിസുകൾ പെയിന്റ് ചെയ്ത് റീ-ഫിക്സ് ചെയ്യുന്നതിനും എർത്ത് ഫില്ലിംഗും മാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്.എന്നാൽ നടപ്പാക്കിയത് എർത്ത് ഫില്ലിംഗ് മാത്രമാണ്. എർത്ത് ഫില്ലിംഗ് മാത്രം ആകെ മൂല്യത്തിന്റെ 86% ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തിക്ക് 18% ജി.എസ്.ടി (2,388/-) അനുവദിച്ചു. അനുവദനീയമായത് (12%) 1,592/-രൂപയാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/18.10.23) മറുപടിയായി അധികം നല്കിയ 796/- രൂ.തിരികെ ഈടാക്കിയതായി അറിയിച്ചിട്ടുണ്ട്.(രസീത് നം-1230600062/G040903 Dt.20.10.23)

## 1-14 നികുതി -നികുതിയേതര വരുമാനം അവലോകനം

സർക്കാർ ഗ്രാന്റിനു പുറമെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ പുതിയ തനതുവരുമാന മേഖലകൾ കണ്ടെത്തേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗങ്ങളിൽ പുതിയ തനതു വരുമാനമേഖലകൾ കണ്ടെത്തുന്നതിനായി നിർദ്ദേശങ്ങളൊന്നുമില്ല.

ബജറ്റിലെ വരവുകളിൽ വസ്തുനികുതിയിൽ വലിയ അന്തരം നിലനിൽക്കുന്നു. 2022-23 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 30,00,000/-രൂപയും ILGMS വസ്തു നികുതി വരവ് 27,39,127/-രൂപയും സഞ്ചയ വസ്തുനികുതി വരവ്- 28,32,912/-രൂപയുമാണ്. വസ്തു നികുതി പിരിക്കുന്നതിനായി കുടുംബശ്രീ മുഖേന ഡിമാന്റ് നോട്ടീസ് വിതരണം നടത്തിയതിന്റെയും ക്യാമ്പുകൾ സംഘടിപ്പിച്ചതിന്റെയും ഫലമായി 100% നികുതിയും ലഭിച്ചിട്ടുണ്ട്.

സ.ഉ.(കൈ) നം.77/2023/LSGD തീയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 -ന് മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും പറയുന്നു. 01.04.2023 മുതൽ വസ്തുനികുതിയിൽ 5% വർദ്ധനവ് നിലവിലിൽ വന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.08.2023-ലെ 7-ാം നമ്പർ തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും സോഫ്റ്റ്വെയർ അപ്ഡേഷൻ നടത്താത്തതിനാൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. സർക്കാർ നിശ്ചയിച്ച പരിധികളുള്ളിൽ നിന്നുകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും അടിസ്ഥാന നികുതി നിരക്ക് വിജ്ഞാപനം ചെയ്തിട്ടുണ്ട്. പാർപ്പിടാവശ്യങ്ങൾക്കായി ഉള്ള കെട്ടിടങ്ങളിൽ ഭൂരിഭാഗവും വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടവയാണ്. എന്നാൽ നിലവിൽ ഇവയിൽ കൂട്ടിച്ചേർക്കലുകൾ വരുത്തി വിസ്തീർണ്ണം വർദ്ധിപ്പിക്കാൻ സാധ്യതയുള്ളതിനാൽ ഫീൽഡ് പരിശോധന പൂർത്തിയാക്കി കെട്ടിടങ്ങളുടെ ശരിയായ വിവരം ഉൾപ്പെടുത്തി നികുതി പുനർ നിർണ്ണയിക്കുന്നതിലൂടെ വൻവരുമാനവർദ്ധനവ് നേടാനാവുന്നതാണ്.

പഞ്ചായത്തിരാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം എന്തെങ്കിലും സേവനങ്ങൾ നല്കിയിട്ടുള്ളപക്ഷം സേവന ഉപനികുതിയും, ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ സേവനങ്ങളൊന്നും പ്രത്യേകമായി നല്കിയിട്ടില്ലാത്തിടത്തുപോലും മുപ്പത്തിമൂന്നും മൂന്നിലൊന്നുശതമാനവും സർവ്വീസ് ചാർജ് ഈടാക്കാമെന്നിരിക്കെ സർവ്വീസ് ചാർജ്ജും സേവന ഉപനികുതിയും ഈടാക്കുന്നതിനായി ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ശുപാർയോ കമ്മറ്റി തീരുമാനമോ ഇല്ല. വരുമാന വർദ്ധനവിനായി ഇവ ഈടാക്കുന്നതിന് തീരുമാനമെടുക്കാവുന്നതാണ്.

### തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ വാഹന ഉടമകൾ, തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാ ബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഇത് തയ്യാറാക്കി നികുതി കൃത്യമായി ഈടാക്കുന്നതിലൂടെ വരുമാന വർദ്ധനവ് നേടാവുന്നതാണ്.

### വിനോദ നികുതി

കേബിൾ ടി.വി. നെറ്റ് വർക്ക് ദാതാക്കളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

നികുതിയേതര വരവുകൾ

വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിലൂടെയും ക്യാമ്പുകൾ സംഘടിപ്പിച്ച് വ്യാപാരസ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിലൂടെയും വരുമാനവർദ്ധനവ് നേടാവുന്നതാണ്.

ആസ്തികളിൽ നിന്നുള്ള ആദായം

കാലഹരണപ്പെട്ട ആസ്തികൾ യഥാസമയം ലേലംചെയ്യുന്നതുമായി ബന്ധപ്പെട്ട് ഉപയോഗശൂന്യമായ വസ്തുക്കൾ ലേലം ചെയ്തിട്ടുണ്ട്.

1-15 വസ്തു നികുതി നിർണ്ണയത്തിൽ ആവശ്യമായ വർദ്ധനവ് നല്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)മോഹനൻ, മോഹനഭവനം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സൂപ്പർമാർക്കറ്റ് കെട്ടിടത്തിന്റെ ഫയലിലെ അന്വേഷണ റിപ്പോർട്ട്, കംപ്ലീഷൻ പ്ലാൻ എന്നിവ പ്രകാരം പൂർത്തിയായ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 277.97 ച.മീറ്ററാണ്. എന്നാൽ രണ്ട് കെട്ടിടനമ്പരുകളിലായി (6/245A-130.34 ; 6/245B-130.34)ആകെ 260.68 ച.മീറ്ററിനാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. 17.29 ച.മീ സ്റ്റെയർ റൂം ഏരിയ ആണ്. ആയത് ഉപയോഗ യോഗ്യമല്ലാത്തതിനാലാണ് കെട്ടിട നമ്പർ നൽകി നികുതി ഈടാക്കാത്തത് എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (20/19.10.2023)മറുപടി നല്കിയത് എന്നാൽ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം സ്റ്റെയർറൂമിന്റെ വിസ്തീർണ്ണം ഏതെങ്കിലുമൊരു നിലയിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കേണ്ടതാണ്. 17.29 ച.മീറ്റർ നികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്താതിരുന്നതുമൂലം താഴെകൊടുത്തിരിക്കുന്ന പ്രകാരം വസ്തുനികുതിയിൽ നഷ്ടം ഉണ്ടായി. 17.92*80=1433.6+286.72 = 1720.3(വഴി സൌകര്യം വർദ്ധനവ് 20%) ആകെ നികുതി =1720/-രൂപ. കൂടാതെ പ്രസ്തുത കെട്ടിടം 250 ച.മീറ്ററിൽ കൂടുതൽ ഉണ്ടെങ്കിലും രണ്ട് കെട്ടിട നമ്പറുകൾ നല്കിയതിനാൽ ഉയർന്ന തരം തറനിർമ്മിതിക്ക് നൽകേണ്ട 15% വർദ്ധനവിൽ നിന്നും നികുതി ഇളവ് ലഭിക്കുന്നു.

2) ടെൻസിമോൻ മംഗലശ്ശേരിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ (5/321A,B,C,D) പ്ലാനിൽ 5 മീറ്ററിൽ കൂടുതൽ വഴി സൌകര്യം രേഖപ്പെടുത്തിയിട്ടുണ്ട്. ആയതു പ്രകാരം B,C,D എന്നിവയുടെ നികുതി നിർണ്ണയത്തിൽ 20% വർദ്ധനവ് നല്കിയിട്ടുണ്ടെങ്കിലും 321A(57.54$m^2$)യുടെ നികുതി നിർണ്ണയത്തിൽ 20% വർദ്ധനവ് നല്കിയിട്ടില്ല. ഈ അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. കൂടാതെ ഈ കെട്ടിടങ്ങളെല്ലാം നാരകത്തറ -മണികണ്ഠൻ ചിറ റോഡ് സൈഡിൽ സ്ഥിതിചെയ്യുന്നു. ഈ കെട്ടിടം ഏതുമേഖലയിൽ ഉൾപ്പെടുന്നു എന്ന് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (17/19.10.2023) നല്കിയെങ്കിലും മറുപടി നൽകിയിട്ടില്ല. പഞ്ചായത്തിന്റെ മേഖല വിജ്ഞാപന പ്രകാരം ഈ റോഡ് തൃതീയമേഖലയിൽ ഉൾപ്പെടുന്നില്ല. എന്നാൽ ഈ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ തൃതീയമേഖല എന്നു രേഖപ്പെടുത്തി 20% നികുതി ഇളവ് നല്കിയിരിക്കുന്നു. ആയതിനാൽ ടി കെട്ടിടങ്ങൾ ഉൾപ്പെടുന്ന മേഖല പരിശോധിച്ച് അനധികൃതമായി നല്കിയ മേഖലഇളവ് (20%) ഒഴിവാക്കിയും വഴിസൌകര്യത്തിനുള്ള 20% വർദ്ധനവും നൽകി നികുതി പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

3)സുരേഷ്കുമാർ, ഉതുംതറയിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യ കെട്ടിടത്തിന്റെ (1/341A-146$m^2$)പ്ലാനിൽ 5 മീറ്ററിൽ കൂടുതൽ വഴി സൌകര്യം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നികുതി നിർണ്ണയത്തിൽ 20% വർദ്ധനവ് നല്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി(20/19.10.2023) നല്കിയതിന് മറുപടിയായി കെട്ടിട നികുതി നിർണയിച്ചതിലെ അപാകത ബോദ്ധ്യപ്പെട്ടെന്നും ആയത് ടാക്സ് റിവിഷൻ നടത്തി കുടിശ്ശിക നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതു പ്രകാരം നികുതി പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

4)മുജീബ് റഹ്മാൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 6/63B എന്ന പാർപ്പിടാവശ്യകെട്ടിടത്തിന് ആകെ 291.36 ചതുരശ്രമീറ്റർ വിസ്തീർണ്ണമുണ്ടെങ്കിലും സാധാരണ തറനിർമ്മിതി എന്ന് സഞ്ചയയിൽ രേഖപ്പെടുത്തിയതിനാൽ 15% നികുതി ഇളവ് ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ പാർപ്പിടാവശ്യ കെട്ടിടം സാധാരണ തറനിർമ്മിതി(സിമന്റ്,തറയോട്...) ആണോ എന്ന് പരിശോധിച്ച് നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

1-16 ഉപയോഗക്രമം ശരിയായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചില്ല

ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ മംഗല്യ റിസോർട്ട് എന്ന സ്ഥാപനത്തിന് 7/327 നമ്പർ കെട്ടിടത്തിൽ റിസോർട്ട് ആവശ്യത്തിനായി ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ സഞ്ചയ ഡാറ്റാബെയ്സ് പ്രകാരം ടി ഗണത്തിൽ കെട്ടിങ്ങൾ നിലവിലില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(16/18.102023)നല്കിയതിന് ഗ്രാമ പഞ്ചായത്തിലെ മംഗല്യ റിസോർട്ടിന് നൽകിയിട്ടുള്ള ലൈസൻസിൽ കെട്ടിട നമ്പർ തെറ്റായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും മംഗല്യ റിസോർട്ടിന്റെ കെട്ടിടനമ്പർ 7/328 ആണെന്നും ഇത് ഓഡിറ്റോറിയങ്ങൾ, ലോഡ്ജുകൾ എന്നിവയുടെ ഗണത്തിലുൾപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളതെന്നും ടാക്സ് റിവിഷൻ വഴി റിസോർട്ട് ഉപയോഗക്രമത്തിൽ നികുതി നിർണയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 524 ചതുരശ്രമീറ്ററുള്ള പ്രസ്തുത കെട്ടിടത്തിന് 35/-രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ച് ഈടാക്കിക്കൊണ്ടിരിക്കുന്നത്. 2013-ലെ ടാക്സ് റിവിഷൻ പ്രകാരം ചതുരശ്ര മീറ്ററിന് 80/- പ്രകാരമായിരുന്ന നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. ഇതുമൂലം പഞ്ചായത്തിന് നികുതി ഇനത്തിൽ (524x35=18340)-(524x80=41920) =23,580/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഉപയോഗ ക്രമമനസരിച്ച് നികുതി നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

1-17 മരണം റിപ്പോർട്ട് ചെയ്തതിന് ശേഷവും പെൻഷൻ അനുവദിക്കുന്നു

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല എന്ന് കാണുന്നു. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ തുക കൈപ്പറ്റുന്ന ആളുകൾ കുമാരപുരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ വെച്ച് മരണപ്പെടുമ്പോൾ ടി വിവരം പെൻഷൻ കൈപ്പറ്റുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തെ അറിയാതിരിക്കുന്നതിനെ തുടർന്ന് നിലവിലും പെൻഷൻ സസ്പെൻഡ് ചെയ്യാതെ തുക അക്കൌണ്ടിലേയ്ക്ക് കൈമാറുന്നു.

ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു .

ദേശസാൽകൃതബാങ്കുകളിലേക്ക് മരണശേഷവും പെൻഷൻ തുക നല്കിയിട്ടുള്ളവരുടെ വിവരം

| ക്രമ നം. | പേര് / വിലാസം | മരിച്ച തീയതി/ രജിസ്ട്രേഷൻ തീയതി | പെൻഷൻതരം /ഐഡി | അനർഹമായ കാലയളവിൽ നല്കിയ തുക | പണം മാറി നല്കിയ ബാങ്ക് അക്കൌണ്ട് വിവരം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | സരസ്വതി<br>സരസ്വതി നിലയം, പ്രയാർ വടക്ക്, പ്രയാർ പി.ഒ., 690547 | 30.01.2022/ 26.02.2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104980200793 | 02/2022-11/2022= (1600/-നിരക്കിൽ) 16000/- (ദേവികുളങ്ങര ഗ്രാമ പഞ്ചായത്തിൽ നിന്നും തുക കൈപ്പറ്റി) | 13190100132954 (FDRL0001319-DEVIKULANGARA) |
| 2 | യേശുദാസ്എൽഡിക്രൂസ്<br>സിംപ്സൺ വില്ല, പിലാപ്പുഴ തെക്ക്, ഹരിപ്പാട് പി.ഒ., 690514 | 17.07.2022/ 21.07.2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104780200330 | 08/2022 - 09/2022 = (1600/-നിരക്കിൽ) 3200/- (ഹരിപ്പാട് മുനിസിപ്പാലിറ്റി നിന്നും തുക കൈപ്പറ്റി) | 13960100048495 (FDRL0001396-HARIPAD). |
| 3 | ലീല വാസു<br>തുടിയൻപ്ലാക്കൽ, നിർമ്മലാസിറ്റി, മുളകരമേട് പി.ഒ., 685515 | 10.07.2022/ 23.07.2022 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം 106050600031 | 08/2022 - 09/2022 = (1600/-നിരക്കിൽ) 3200/- (കട്ടപ്പന മുനിസിപ്പാലിറ്റി നിന്നും തുക കൈപ്പറ്റി) | 33029125571 (SBIN0005560-KATTAPPANA ADB) |
| 4 | ലീലമ്മ പിള്ള<br>രാമലീല, പിലാപ്പുഴ, ഹരിപ്പാട്, ഹരിപ്പാട് പി.ഒ., 690514 | 14.06.22/ 27.08.22 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104780200294 | 07/2022 - 06/2023 = (1600/-നിരക്കിൽ) 19200/- (ഹരിപ്പാട് മുനിസിപ്പാലിറ്റി നിന്നും തുക കൈപ്പറ്റി) | 40635101011951 (KLGB0040635-HARIPPAD) |

മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തുക കൈപ്പറ്റുന്ന മേൽ വ്യക്തികളുടെ മരണം രജിസ്ട്രേഷൻ സംബന്ധിച്ച വിവരം ബന്ധപ്പെട്ട സ്ഥാപന അധികാരികളെ അറിയിച്ച് പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനും അനർഹമായ കാലയളവിലേയ്ക്ക് നല്കിയ തുക ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തിരികെ ഈടാക്കിയും ആയതിന്റെ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് അതാത് സ്ഥാപനമേധാവിയ്ക്ക് (സെക്രട്ടറി) കത്ത് നൽകേണ്ടതാണ്.

1-18 അധിക നിരക്കിൽ റ്റി എ നല്കി

വൌച്ചർ പരിശോധിച്ചതിൽ, ജി.ഒ.(പി) നം.27/2021/ ഫിൻ., തീയതി- 10.2.21 ഉത്തരവ് പ്രകാരം പുതുക്കിയ നിരക്കിൽ റ്റി എ ഇനത്തിൽ തുക അനുവദിക്കുന്നതിന്റെ പ്രാബല്യ തീയതി – 1.03.2021 ആണ്. ഗ്രാമ പഞ്ചായത്തിൽ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്തിരുന്ന ഡ്രൈവറായ ശ്രീ. സനു എസ് എന്നയാൾക്ക് 07/2020 മുതലുൽക്ക് 02/2021 വരെയുള്ള കാലയളവിലെ റ്റി. എ നല്കിയപ്പോൾ പുതുക്കിയ നിരക്കിൽ (350/-) താഴെപ്പറയും പ്രകാരം അധികം നല്കിയതായി കാണുന്നു.

| തീയതി | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | അധികം |
|---|---|---|---|
| 13.07.2020 | 250 | 350 | 100 |
| 14.07.2020 | 250 | 350 | 100 |
| 11.11.2020 | 250 | 350 | 100 |
| 17.11.2020 | 250 | 350 | 100 |
| 30.11.2020 | 250 | 350 | 100 |
| 01.12.2020 | 250 | 350 | 100 |
| 17.12.2020 | 250 | 350 | 100 |
| 26.12.2020 | 250 | 350 | 100 |
| 31.12.2020 | 250 | 350 | 100 |
| 11.01.2021 | 250 | 350 | 100 |
| 13.01.2021 | 250 | 350 | 100 |
| 27.01.2021 | 250 | 350 | 100 |
| 29.01.2021 | 250 | 350 | 100 |
| 26.02.2021 | 250 | 350 | 100 |
| ആകെ | | | 1400 |

കൂടാതെ, G.O. (P) No.137/201 6/Fin, 09/09/2016 പ്രകാരം ഡ്രൈവർ തസ്തികയിലെ ജീവനക്കാർക്ക് ബാധകമായ ദൈനം മാസ പരിധി 4,140/-രൂപയാണ്. എന്നാൽ, ടിയാൾക്ക് 04/2021 മുതൽ 06/2021 കാലയളവിലെ തുക നല്കിയപ്പോൾ 410/-രൂപ അധികം നല്കി. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22 / 20.10.2023) മറുപടി ലഭ്യമാക്കിയില്ല. അധികം നല്കിയ 1,810/-രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-19 പത്രപ്പരസ്യം -നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവ

പ്രോജക്ട് നം.91/23

പദ്ധതി രൂപീകരണ മോണിട്ടറിംഗ് ചെലവുകൾ

അടങ്കൽ-2,76,854 (വികസന ഫണ്ട്)

ചെലവ് - 1,88,383/-

നിർവ്വഹണം - സെക്രട്ടറി

സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി 01.01.04 ഉത്തരവിലൂടെ വിൻഡോ മാതൃകയിൽ നൽകുന്ന പരസ്യങ്ങൾ (8cmx3cm)=24cm$^2$ വലിപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്ത് ദേശാഭിമാനി ദിനപത്രത്തിൽ നൽകിയ ടെണ്ടർ പരസ്യം "വിൻഡോ" രൂപത്തിൽ ആണെങ്കിലും നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./ തീയതി | പരസ്യത്തിന്റെ വലിപ്പം (സെ.മീ സ്ക്വയറിൽ) | ഡിസ്കൗണ്ട് കഴിഞ്ഞ് അനുവദിച്ച തുക @180/220/cm$^2$ +Gst | 3x8cm$^2$ വലിപ്പത്തിൽ വിൻഡോ പരസ്യത്തിന് ഡിസ്കൗണ്ട് കഴിഞ്ഞ് അനുവദിക്കാവുന്ന തുക @180/220/cm$^2$ +Gst | അധികം നൽകിയ തുക | ചെലവിന്റെ വിവരം |
|---|---|---|---|---|---|---|
| 1 | ALP21-22/ 20.03.22 | 7x8=56cm$^2$ | @180 (10080-1512)8568 | (4320-648) 3672 | 4896 | BRN800922334/ 14.12.22 |
| 2 | ALP/22-23 /1063/29.09.22 | 8x4=32cm$^2$ | @220 (7040-1056)5984 | (5280-792) 4488 | 1496 | |
| 3 | ALP/22-23 /1201/26.10.22 | 8x4=32cm$^2$ | 5984 | 4488 | 1496 | |
| 4 | ALP/22-23 /1408/20.11.22 | 8x4=32cm$^2$ | 5984 | 4488 | 1496 | |
| 5 | ALP/22-23 /1747/30.12.22 | 8x4=32cm$^2$ | 5984 | 4488 | 1496 | BRN13801578393/ 31.03.23 |
| 6 | ALP/22-23 /2460/18.03.23 | 8x4=32cm$^2$ | 5984 | 4488 | 1496 | |
| | ആകെ | | 38488 | 26112 | 12376 | |

ന്യൂനതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചില്ല(08/17.10.23). സർക്കാർ മാർഗ്ഗ നിർദ്ദേശത്തിനനുസൃതമായി പത്രപ്പരസ്യത്തിന്റെ വലുപ്പം നിജപ്പെടുത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-20 പാലിയേറ്റീവ് കെയർ നഴ്സിന് ഇൻസെന്റീവ്- സർക്കാർ ഉത്തരവ് പാലിച്ചില്ല

പ്രോജക്ട് നം. S0018/23

പാലിയേറ്റീവ് പരിചരണം

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് | 6,80,000 | 4,25,480 |

| | | |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1,70,000 | 1,70,000 |
| ആകെ | 8,50,000 | 5,95,480 |

കോവിഡ് ഇൻസെന്റീവ് – പാലിയേറ്റീവ് കെയർ നഴ്സിന് 2021 മാർച്ച് മാസം മുതൽ 2022 മാർച്ച് മാസം വരെയുള്ള 13 മാസത്തെ ഇൻസെന്റീവ് ഇനത്തിൽ 13,000/-രൂപ (33230/- ബിൽ നം.900124526/20.05.22)മേൽ പ്രോജക്ട് പ്രകാരം അനുവദിച്ച് നല്കിയിട്ടുണ്ട്. എന്നാൽ സ.ഉ(സാധാ)നം.1820/2020/ത.സ്വ.ഭ.വ തീ.05.10.2020, സ.ഉ(സാധാ)നം.634/2022/LSGD തീ.15.03.2022 ഉത്തരവുകൾ പ്രകാരം ഇതിനാവശ്യമായ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. തനത്ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് പകരമായി വികസന ഫണ്ടിൽ നിന്നാണ് തുക ചെലവഴിച്ചിരിക്കുന്നത്. തനത് ഫണ്ട് ഇല്ലാത്തതിനാലാണ് വികസനഫണ്ടിൽ നിന്നും ഇൻസെന്റീവ് നൽകിയതെന്നും ഇപ്രകാരം ചെലവഴിക്കരുതെന്ന് അറിയില്ലായിരുന്നു എന്നും ഈ വിഷയത്തിൽ നല്കിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കി. വികസന ഫണ്ടിൽ നിന്നും തുക ചെലവഴിക്കാൻ അനുമതിയില്ലാത്തതിനാൽ ചെലവ് തുക 13,000/-രൂപ തനത് ഫണ്ടിൽ നിന്നും വികസന ഫണ്ടിലേയ്ക്ക് തിരികെ ഒടുക്കേണ്ടതാണ്. അതുവരെ 13,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

1-21 കെ.എം.എസ്.സി.എൽ. ന് തുക മുൻകൂർ നൽകിയിട്ടും മരുന്ന് പൂർണ്ണമായും ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) നടപ്പാക്കിയ പ്രോജക്ടിൽ മരുന്ന് വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ. ന് മുൻകൂർ നൽകിയ തുകയ്ക്ക് പൂർണ്ണമായി മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ പ്രോജക്ടിന്റെ പേര് | ബിൽ നം./ തീയതി | നൽകിയ തുക | ലഭിച്ച മരുന്നിന്റെ വില | ലഭിക്കുവാനുള്ള മരുന്നിന്റെ വില |
|---|---|---|---|---|
| S0019/23 എൻ സി ഡി, ക്യാൻസർ തുടങ്ങിയ മാരക രോഗങ്ങൾക്കുള്ള മരുന്ന് വാങ്ങൽ | BRN900627347 /03.10.2022 | 9,47,408 | 8,34,728 | 1,12,680 |
| | BRN8901113949 /31.01.2023 | 3,02,592 | 65,825 | 2,36,767 |
| | ആകെ | 12,50,000 | 9,00,553 | 3,49,447 |

മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർ നടപടിയുടെ വിവരങ്ങൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (10/17.10.23) കൊല്ലം, കാരുണ്യ മെഡിസിൻ ഡിപ്പോയിൽ മരുന്ന് ലഭ്യമാകുന്നമുറയ്ക്ക് നൽകാം എന്ന് അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭിച്ചു. മരുന്ന് അടിയന്തിരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-22 എം.സി.എഫ് -ൽ അഗ്നി സുരക്ഷ സംവിധാനം സ്ഥാപിക്കൽ - പണി പൂർത്തീകരിച്ചില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ., തമല്ലാക്കൽ
അടങ്കൽ തുക - 4,00,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ്)
ചെലവ് തുക -3,30,000 (XVFC/2022-23/P-74, തീയതി -31.03.2023)

എം.സി.എഫ് -ൽ അഗ്നി സുരക്ഷ സംവിധാനം സ്ഥാപിക്കൽ (പ്രോജക്ട് നം. 110/23) എന്ന പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, ഗ്രാമ പഞ്ചായത്തിലെ എം സി എഫിൽ അഗ്നിസുരക്ഷാ സംവിധാനം സ്ഥാപിക്കുന്നതിന് സ്റ്റേഷൻ ഓഫീസർ, അഗ്നി രക്ഷാ നിലയം, ഹരിപ്പാട് - ന്റെ 08.12.2022-ലെ സി .390/22 നം. കത്തിൽ, മിനി എം സി എഫ് യൂണിറ്റിന്റെ വലിപ്പവും സംഭരണ ശേഷിയും കണക്കിലെടുത്ത് അഗ്നിസുരക്ഷാ സംവിധാനത്തിന്റെ തരവും അംഗീകൃത ഏജൻസിയിൽ നിന്നുമുള്ള 231,781/- രൂപയുടെ എസ്റ്റിമേറ്റും വി.ഇ.ഒ. താമല്ലാക്കലിന് നല്കിയിട്ടുണ്ട്. ക്വട്ടേഷൻ നടപടികളിലൂടെ, അഗ്നി സിസ്റ്റംസ്, ചെങ്ങന്നൂർ എന്ന സ്ഥാപനവും വി.ഇ.ഒ., കുമാരപുരം ഗ്രാമ പഞ്ചായത്തും ചേർന്ന് തയ്യാറാക്കിയ ഉടമ്പടിയിൽ, അഗ്നി സുരക്ഷ നിലയം സ്ഥാപിക്കുന്നതിനോടൊപ്പം 5000 ലിറ്ററിന്റെ വാട്ടർ ടാങ്കും സ്ഥാപിക്കുന്നതിനായി 4 ലക്ഷം രൂപ നല്കാമെന്ന കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഇനമായ വാട്ടർ ടാങ്കിന് ബിൽ പ്രകാരം നൽകേണ്ട തുക -1,58,750/- രൂപയാണ്. എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയായ 2,31,781/- രൂപയും വാട്ടർ ടാങ്കിന്റെ വിലയായ 1,58,750/- രൂപയും ചേർത്ത് ആകെ 3,90,531/-രൂപ മാത്രം ടി പ്രോജക്ട് പ്രകാരം ആകെ ചെലവഴിക്കാവുന്ന തുക എന്നിരിക്കെ 4,00,000/-രൂപയുടെ കരാറിൽ ഏർപ്പെട്ടതിനും ടി പ്രോജക്ട് പൂർത്തീകരണം, പ്രവർത്തനം എന്നിവ സംബന്ധിച്ച വിവരവും ലഭ്യമാക്കുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 28 / 20.10.2023) ലഭ്യമാക്കിയ മറുപടിയിൽ, ടെണ്ടർ, റീ - ടെണ്ടർ നടപടികളിലൂടെ പ്രോജക്ട് നടപ്പിലാക്കുവാൻ നടപടികൾ ആരംഭിച്ചെങ്കിലും അതിൽ ആരും പങ്കെടുക്കാതിരുന്നതിനാൽ ക്വട്ടേഷൻ നടത്തിയപ്പോൾ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത (4,00,000/- രൂപ) സ്ഥാപനവുമായി കരാർ ചമച്ചത് എന്നും ടി പ്രവൃത്തി 2023 നവമ്പർ 30-ന് മുമ്പായി പൂത്തീകരിക്കും എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, എം സി എഫിൽ അഗ്നിസുരക്ഷാ സംവിധാനം സ്ഥാപിക്കുന്നതിന് സ്റ്റേഷൻ ഓഫീസർ, അഗ്നി രക്ഷാ നിലയം, ഹരിപ്പാട് -ന്റെ 08.12.2022-ലെ സി.390/22 നം. കത്തിൽ, പരാമർശിച്ചിരിക്കുന്ന എസ്റ്റിമേറ്റ് തുകയും വാട്ടർ ടാങ്കിന്റെ വിലയും ചേർത്തുള്ള 3,90,531/- രൂപയിൽ അധികരികരിച്ച് കരാർ ചമച്ച നടപടി ശരിയല്ല. ആയതിനാൽ, എസ്റ്റിമേറ്റ് തുകയും വാട്ടർ ടാങ്കിന്റെ വിലയും ചേർത്തുള്ള 3,90,531/-രൂപ കരാറുകാരന് നല്കി പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരണ രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 3,30,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-23 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമായില്ല

പ്രോജക്ട് നം.S0020/23 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
മെഡിക്കൽ ഓഫീസർ(ഹോമിയോ)
അടങ്കൽ -3,00,000/-(നോൺറോഡ്)
ചെലവ്-3,00,000/-ബിൽ നം.1/22-23 തീയതി 25.01.2023

പ്രോജക്ടിലുൾപ്പെടുത്തി ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി ഹോംകോയുടെ പ്രഫോർമ ഇൻവോയിസ് PF -1112/23.1.2023 പ്രകാരം തുക നല്കിയിട്ടുണ്ട്. തുക നല്കിയതിന്റെ കൈപ്പറ്റ് രസീതും മരുന്നും ലഭ്യമാക്കുന്നതിന് 30.09.2023, 07.10.2023 എന്നീ തീയതികളിൽ മെഡിക്കൽ ഓഫീസർ ഹോംകോ മാനേജിംഗ് ഡയറക്ടർക്ക് ഓർമ്മക്കുറിപ്പ് നല്കിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല. തുക നല്കിയതിന്റെ കൈപ്പറ്റ് രസീത്, മരുന്ന് എന്നിവ ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.2/16.10.2023 നൽകിയതിന് മറുപടിയായി

1,86,826/-രൂപയുടെ മരുന്ന് ഇൻവോയിസ് നം.LF-1687/12.10.2023 പ്രകാരം ലഭിച്ചത് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി ഹാജരാക്കി. ബാക്കി തുകയ്ക്കുള്ള മരുന്ന് ലഭിക്കുന്നത് അറിയിക്കേണ്ടതാണ്.

## 1-24 ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

പ്രോജക്ട് S00113/22 സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം
നിർവ്വഹണം -ഹെഡ്മിസ്ട്രസ് ജി.എൽ.പി.എസ്.

| അടങ്കൽ | ചെലവ് |
|---|---|
| വികസന ഫണ്ട്-4,50,000/- | വികസന ഫണ്ട്-4,31,827/- |
| തനത് ഫണ്ട്-2,00,000/ | തനത് ഫണ്ട്-1,93,291 |

പോത്തപ്പള്ളി ജി.എൽ.പി.എസ്. എച്ച്.എം നിർവ്വഹണം നടത്തിയ പ്രോജക്ടിലുൾപ്പെടുത്തി സ്കൂളുകളിലേക്ക് പ്രഭാതഭക്ഷണത്തിനായി തൻവർഷം 6,25,118/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെക്കൊടുത്തിരിക്കുന്ന അപാകതകൾ ഉണ്ട്.

1)പ്രഭാതഭക്ഷണം നല്കുന്നതിനായി ടെൻഡർ ക്ഷണിച്ചതിന്റെയും, ആരുടെ ടെൻഡർ ആണ് അംഗീകരിച്ചത് എന്നതിന്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല. ബില്ലുകൾ പ്രകാരം 5 വ്യക്തികളുടെ അക്കൌണ്ടിലേക്കാണ് തുകകൾ നല്കിയിരിക്കുന്നത്.ഇവർക്ക് എന്തിന്റെ അടിസ്ഥാനത്തിലാണ് തുക നല്കിയതെന്ന് വ്യക്തമല്ല.ഈ വ്യക്തികൾ സമർപ്പിച്ചിട്ടുള്ള ബില്ലുകളും വൌച്ചറുകളും പ്രകാരമാണ് തുക മാറി നല്കിയത്. ഇതിൽ നിന്നുതന്നെ ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല എന്നു വ്യക്തമാണ് പാചകക്കൂലി ഇനത്തിൽ തുക കൈപ്പറ്റിയതായുള്ള വൌച്ചറുകളും ബില്ലുകളോടൊപ്പം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഇവർ ഏത് സ്കൂളിലെ പാചകക്കാരാണ് എന്ന് തെളിയിക്കുന്ന അറ്റൻഡൻസ് രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല.

2)വലിയ തുകയുടെ ബില്ലുകൾക്കെല്ലാം പലവ്യഞ്ജനങ്ങൾ, ചപ്പാത്തി, പത്തിരി തുടങ്ങിയവ പ്രഭാതം എ.ഇ യുണിറ്റ് (കുടുബശ്രീ), മഹാലക്ഷമി കാറ്ററിംഗ് യുണിറ്റ് എന്നിവയിൽ നിന്നും ടി വ്യക്തികൾ സ്കൂളുകളുടെ പേരിൽ വാങ്ങി നല്കിയതായുള്ള സ്ഥാപനങ്ങളുടെ ബില്ലുകളും വൌച്ചറുകളുമാണ് ഹാജരാക്കിയിരിക്കുന്നത്.

3)ഓരോ വ്യക്തികളുടെയും അക്കൌണ്ടിലേക്ക് നല്കിയിരിക്കുന്ന തുകകൾക്കനുസൃതമായി ഹാജരാക്കിയ കടകളുടെയും,കാറ്ററിംഗ് യൂണിറ്റുകളുടെയും ബില്ലുകൾ എല്ലാംതന്നെ ഒന്നിടവിട്ട ക്രമനമ്പരുകളിൽ എഴുതിച്ചേർത്തിട്ടുള്ളവയും വൌച്ചറുകൾ പലതും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ കൈയ്യിൽ നിന്നും തുക കൈപ്പറ്റിയതായി എഴുതി നല്കിയിട്ടുള്ളവയുമാണ് ഹാജരാക്കിയിരിക്കുന്നത്.

4)ഒരു മാസത്തിൽ ഓരോ സ്കൂളിലെ എത്ര കുട്ടികൾക്ക് ഏതെല്ലാം ദിവസങ്ങളിൽ പ്രഭാതഭക്ഷണം നല്കിയിട്ടുണ്ട് എന്ന് തെളിയിക്കുന്നതിനായി അതാത് സ്കൂളിലെ പ്രധാന അദ്ധ്യാപകരുടെ സാക്ഷ്യപത്രം ലഭ്യമല്ല.

5) ഓരോ സ്കൂളിലും എത്ര കുട്ടികൾക്കാണ് പ്രഭാത ഭക്ഷണം നല്കുന്നത് എന്ന് തെളിയിക്കുന്നതിനായി ഓരോ സ്കൂളിലെയും അറ്റൻഡൻസ് രജിസ്റ്ററിന്റെ പകർപ്പ് സഹിതം കുട്ടികളുടെ എണ്ണം പ്രധാന അധ്യപകൻ രേഖപ്പെടുത്തി നല്കിയത് ലഭ്യമാക്കിയില്ല.

ബിൽ പ്രകാരം തുക നല്കിയതിന്റെ വിവരം താഴെകൊടുക്കുന്നു.

| ക്രമ നം. | ബിൽ നം./തീയതി/തുക | സ്കൂളിന്റെ പേര് | തുക കൈപ്പറ്റിയ വ്യക്തിയുടെ പേര് /തുക |
|---|---|---|---|
| 1 | 2/22-23 തീയതി 23.12.2022 | - | സന്ധ്യ-14514/- |
| | | പോത്തപ്പള്ളി എൽ.പി.എസ്. | കൊച്ചുമണി |

| | | | |
|---|---|---|---|
| | 53446/- | | ജെ.-18229/- |
| | | കെ.കെ.കെ.വി.എം.എൽ.പി.എസ്. | ഉത്തമൻ-8888/- |
| | | പോത്തപ്പള്ളിഎൽ.പി.എസ്. | അർച്ചന എസ്.-8159/- |
| | | എരിക്കാവ് യു.പി.എസ്. | മഹിളാമണി-3656/- |
| 2 | 3/22-23 തീയതി 23.12.2022 148446/- | 1)പോത്തപ്പള്ളി എൽ.പി.എസ്. 2)സിയോൺ എൽ.പി.എസ്.കുമാരപുരം | കൊച്ചുമണി.ജെ-54738/- |
| | | എസ്.എൻ.വി.എൽ.പി.എസ്. താമല്ലാക്കൽ എം.എം.വി.യു.പി.എസ്. താമല്ലാക്കൽ | സന്ധ്യ യു.-46582/- |
| | | കെ.കെ.കെ.വി.എം.എൽ.പി.എസ്. | ഉത്തമൻ-25317/- |
| | | പോത്തപ്പള്ളി എൽ.പി.എസ്. | മഹിളാമണി-7571/ |
| | | പോത്തപ്പള്ളി എൽ.പി.എസ്. | അർച്ചന എസ്.-14238/- |
| 3 | 4/22-23 തീയതി 21.01.2023 129385/- | 1)പോത്തപ്പള്ളി എൽ.പി.എസ്. 2)എം.എം.വി.യു.പി.എസ്. താമല്ലാക്കൽ | കൊച്ചുമണി-68963/- സന്ധ്യ യു.-60422/- |
| 4 | 6/22-23 തീയതി 27.3.2023 67693/- | കെ.കെ.കെ.വി.എം.എൽ.പി.എസ്. | ഉത്തമൻ-67693/-(മഹാലക്ഷ്മി കാറ്ററിംഗിന്റെ ബില്ലുകൾ പ്രകാരം തുക നല്കി) |
| 5 | 5/22-23 തീയതി 21.1.2023-10024/- | എരിക്കാവ് യു.പി.എസ്. | മഹിളാമണി-10024/- |
| 6 | 7/22-23 തീയതി 27.3.2023-22833/- | എരിക്കാവ് എൽ.പി.എസ്. | മഹിളാമണി-22833/- |
| 7 | ചെക്ക് നം. 095322/29.3.2023-113312/- | എസ്.എൻ.വി.എൽ.പി.എസ്. താമല്ലാക്കൽ എം.എം.വി.യു.പി.എസ്. താമല്ലാക്കൽ പോത്തപ്പള്ളി എൽ.പി.എസ്. | സന്ധ്യ യു.-55346/- സന്ധ്യ യു.-26797/- കൊച്ചുമണി-31169/- |
| 8 | ചെക്ക് നം 095275/14.3.2023-79979/- | കെ.കെ.കെ.വി.എം.എൽ.പി.എസ് പോത്തപ്പള്ളി എൽ.പി.എസ് | ഉത്തമൻ-48355/- അർച്ചന-31624/- |

1)സന്ധ്യ യു. വിന് ബിൽ നം.2 പ്രകാരം 14,514/-രൂപ നല്കിയിട്ടുണ്ടെങ്കിലും ഏത് സ്കൂളിലേക്ക് ഭക്ഷണം നല്കി എന്നതിന് തെളിവായി വൌച്ചറുകൾ ഹാജരാക്കിയിട്ടില്ല.

2)ബിൽ നം.5 പ്രകാരം മഹിളാമണി എന്ന വ്യക്തിക്ക് 10,024/-രൂപ നല്കിയതിൽ 496/-രൂപയുടെ ബിൽ ഒഴികെ മറ്റെല്ലാം എരിക്കാവ് സ്കൂളിന്റെ പേരിലും 496/-രൂപ പോത്തംപള്ളി എൽ.പി.എസ്. ന് വേണ്ടി മഹിളാമണി കൈപ്പറ്റിയതായും രേഖപ്പെടുത്തിയിരിക്കുന്നു. ഇത് എന്തിനുവേണ്ടി കൈപ്പറ്റി എന്ന് രേഖപ്പെടുത്തിയിട്ടില്ല. യാതൊരു അടിസ്ഥാനവുമില്ലാതെ നല്കിയ ഈ തുക തിരികെ ഒടുക്കേണ്ടതാണ്.

3)ബിൽ നം.3 ലെ വൌച്ചറുകൾ പരിശോധിച്ചതിൽ പോത്തപ്പള്ളി എൽ.പി.എസ്.ന് വേണ്ടി 10 ദിവസത്തെ പാചകക്കൂലി ഇനത്തിൽ മഹിളാമണിയുടെ 3,000/-രൂപയുടെ കൈപ്പറ്റ് രസീത്, പാചകക്കൂലി ഇനത്തിൽ അർച്ചനയുടെ 3,000/-രൂപയുടെ കൈപ്പറ്റ് രസീത്, ടി ബിൽ പ്രകാരം പോത്തപ്പള്ളി എൽ.പി.എസ്. നു പ്രഭാതഭക്ഷണം നൽകിയ വകയിൽ തുക കൈപ്പറ്റിയിരിക്കുന്ന കൊച്ചുമണിയും പാചകക്കൂലി ഇനത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പക്കൽ നിന്നും 4,000/-രൂപ കൈപ്പറ്റിയതായുള്ള രസീത് എന്നിവയുടെ അടിസ്ഥാനത്തിലാണ് തുക മാറി നൽകിയിട്ടുള്ളത്. അതായത് ഒരു സ്കൂളിനുവേണ്ടി പലരും പാചക്കൂലി ഇനത്തിൽ തുക കൈപ്പറ്റിയതായുള്ള വൌച്ചറുകൾ ലഭ്യമാക്കിയിരിക്കുന്നു.

4)ചെക്ക് നം. 095322/29.3.2023 പ്രകാരം തനതുഫണ്ടിൽ നിന്നും 2 റിക്വസിഷൻ പ്രകാരമാണ് സന്ധ്യ യു. വിന് 26,797/-രൂപയും 55,346/രൂപയും നല്കിയിട്ടുള്ളത്. ഇതിൽ 26,797/-രൂപ ഡിസംബർ മാസത്തിൽ എസ്.എൻ.വി.എൽ.പി.എസ് താമല്ലാക്കൽ, എം.എം.വി.യു.പി.എസ് താമല്ലാക്കൽ എന്നീ സ്കൂളുകളിൽ 2.12.2022, 5.12.2022, 7.12.2022, 9.12.2022, 12.12.2022, 14.12.2022 എന്നീ തീയതികളിലായി രണ്ട് സ്കൂളുകളിലും ഭക്ഷണം നല്കിയതായുള്ള സന്ധ്യയുടെ സ്റ്റേയ്റ്റ്മെന്റ് പ്രകാരമാണ് തുക മാറിയത്. എന്നാൽ 55,346/-രൂപ നല്കിയതിനും ഇതേ രേഖകളോടൊപ്പം മറ്റ് വൌച്ചറുകളും ബില്ലുകളും ഉൾപ്പെടുത്തിയാണ് തുക നല്കിയത്. അതിനാൽ അധികം നല്കിയ 26,797/-രൂപ തിരികെ ഒടുക്കേണ്ടതാണ്.

5)ഹാജരാക്കിയിരിക്കുന്ന ഒട്ടുമിക്ക വൌച്ചറുകളിലും, സ്ഥാപനങ്ങളുടെ ബില്ലുകളിലും തീയതി / എന്നിവ രേഖപ്പെടുത്തിയിട്ടില്ല. എന്നതിനാൽ തന്നെ വൌച്ചറുകളും ബില്ലുകളും എത്ര വേണമെങ്കിലും ഹാജരാക്കാൻ കഴിയുന്ന സ്ഥിതിയാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.(31/21.10.2023) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വ്യക്തമായ രേഖകളും വിശദീകരണവും നല്കുന്നതുവരെ മേൽ ചെലവ് തുകയിൽ 5,97,825/-രൂപ തടസപ്പെടുത്തുന്നു. വ്യക്തമായ രേഖകൾ ഇല്ലാത്തതിനാൽ അധികം നല്കിയ 496+26797=27,293/-രൂപ തിരികെ ഒടുക്കേണ്ടതാണ്.

1-25 മൃഗാശുപത്രിയ്ക്ക് കെട്ടിടനിർമ്മാണം -മണ്ണ് പരിശോധന, സ്ട്രക്ച്ചറൽ ഡിസൈനിംഗ് - നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ പ്രവൃത്തി നടപ്പാക്കി

നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നം. S0050/23
അടങ്കൽ(22-23)- 100000 (വികസനഫണ്ട് -75000/, തനതുഫണ്ട് - 25000/-) (22-23)
ചെലവുവിവരം
50,000/-(BRN-21070652012901427195/23.3.22) (2021-22),
93665/-(vr.no.22100739/23.3.22)(2021-22)
42775/- (എ.സി.ആർ.ബിൽ നം.107/12.9.22) (2022-23)
29500/-(എ.സി.ആർ.ബിൽ നം.108/12.9.22) (2022-23)

മൃഗാശുപത്രിയ്ക്ക് കെട്ടിടനിർമ്മാണം -മണ്ണ് പരിശോധന, സ്ട്രക്ച്ചറൽ ഡിസൈനിംഗ്, സ്ഥലപരിശോധന എന്നിവ നടത്തുന്നതിനായി 21-22 വർഷം രൂപീകരിച്ച പ്രോജക്ട് തൻവർഷം പൂർത്തീകരിക്കാതെ സ്പിൽ ഓവറായി 22-23 ലാണ് പൂർത്തീകരിച്ചിട്ടുള്ളത്. 21-22 ലും 22-23 ലുമായി ആകെ 2,15,940 രൂപ ചെലവഴിച്ചിട്ടുണ്ട്.

79.68 ച.മീറ്റർ വിസ്തീർണ്ണമുള്ള ഒരു നില മൃഗാശുപത്രി കെട്ടിട നിർമ്മാണത്തിനായുള്ള ഫൗണ്ടേഷൻ

നിർണ്ണയിക്കുന്നതിന് വേണ്ടിയുള്ള മണ്ണ് പരിശോധനയും ഡിസൈനിംഗിനുമായാണ് പ്രോജക്ട് നടപ്പാക്കിയത്.

പ്രോജക്ടും അനുബന്ധരേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1)മണ്ണ് പരിശോധന, സ്ട്രക്ചറൽ ഡിസൈനിംഗ് എന്നിവ നടത്തുന്നതിനായി ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ചില്ല. ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/18.10.23)മറുപടിയായി ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് പ്രവൃത്തി നിർവ്വഹിച്ചതെന്നാണറിയിച്ചിട്ടുള്ളത്.

2)പ്രവൃത്തി നടപ്പാക്കിയിരിക്കുന്നത് കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരം മുഖേനയാണ്. എന്നാൽ ടി സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല.

3)കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരം എന്ന സ്ഥാപനത്തെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തു എപ്രകാരമാണെന്ന വിവരം ലഭ്യമല്ല. പ്രോജക്ടിൽ നേരിട്ടുള്ള നിർവ്വഹണം എന്നാണ് ചേർത്തിട്ടുള്ളത്.

4)12.3.21-ലെ നം.ഡി.സി6/8463/2020/സി.ഇ/ത.സ്വ.ഭ.വ സർക്കുലറിൽ പ്രവൃത്തികളുടെ ആർക്കിടെക്ചറൽ/സ്ട്രക്ചറൽ ഡിസൈൻ, കരട് പ്ലാൻ,വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നിവയുടെ കൺസൽട്ടൻസ് ഫീസിന്റെ ആകെ തുക എസ്റ്റിമേറ്റ് തുകയുടെ 2.33%-ൽ അധികരിക്കുവാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ സോയിൽ ഇൻവേസ്റ്റിഗേഷൻ നടത്തിയിട്ടുള്ള ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ്തയ്യാറാക്കി പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല. മണ്ണ് പരിശോധനയും, സ്ട്രക്ചറൽ ഡിസൈനിംഗിനുമായി അധിക തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി മണ്ണ് പരിശോധന നടത്തി ഡിസൈൻ ലഭിച്ചതിനുശേഷം തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റ് മറുപടിയ്ക്കൊപ്പം ഹാജരാക്കിയിട്ടുണ്ട്. ആയത് പ്രകാരം എസ്റ്റിമേറ്റ് തുക 52 ലക്ഷം രൂപയാണ്. റിവൈസ്ഡ് എസ്റ്റിമേറ്റിന് എ.എസ് ആവശ്യമായതിനാൽ മൃഗസംരക്ഷണ വകുപ്പിലേയ്ക്ക് കത്ത് നല്കിയതായും അറിയിച്ചിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം, മണ്ണ് പരിശോധനയും, സ്ട്രക്ചറൽ ഡിസൈനിംഗിനുമായി (2,15,940-121160) (5200000 X 2.33%) 94,780/-രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.ഇപ്രകാരം തുക കൂടുതൽ ചെലവഴിച്ചതിന് മറുപടിയിൽ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

4)ചീഫ് എഞ്ചിനീയറുടെ മേൽ സർക്കുലറിൽ വിവിധ മരാമത്ത് പ്രവൃത്തികളുടെ സോയിൽ ഇൻവേസ്റ്റിഗേഷൻ എസ്റ്റിമേറ്റ് പ്രൈസ് ചാപ്റ്റർ-56 പ്രകാരം തയ്യാറക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിച്ചില്ല.

മൃഗാശുപത്രി കെട്ടിടനിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. തൻവർഷ (22-23) ചെലവുതുക 72,275/-രൂപ തടസ്സപ്പെടുത്തുന്നു.

### 1-26 അസെറ്റ് മാപ്പിംഗ് (R-Track) പ്രോജക്ട് -പൂർത്തീകരിച്ചില്ല

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നം - (S0051/23)

അടങ്കൽ - 45000/-(വികസനഫണ്ട്)

അസെറ്റ് മാപ്പിംഗ് (R-Track) പ്രോജക്ടിനായി തൻവർഷം 21,000 രൂപ (ബിൽ ക്രമ നം. 10/16.9.22) ചെലവഴിച്ചിട്ടുണ്ട്. ടി തുക ശ്രീ.വിഷ്ണു കെ.പി. എന്ന വ്യക്തിയ്ക്ക് പ്രാഥമിക സർവ്വേ പൂർത്തീകരിച്ചതിനായി നല്കിയതാണ്. പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(12/18.10.23) മറുപടിയായി പ്രാഥമിക സർവ്വേ പൂർത്തീകരിച്ച് KSREC (കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ)യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ടി സൈറ്റിൽ നിന്നും റിപ്പോർട്ട് ലഭിച്ചശേഷം സർവ്വേയർ ലെവൽ, എ.ഇ.ലെവൽ എ.എക്സി.ലെവൽ വേരിഫിക്കേഷൻ നടത്തേണ്ടതാണ്. എന്നാൽ ആർ ട്രാക്ക് ആപ്പിലെ തകരാറുമൂലം വേരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടില്ലെന്നുമാണറിയിച്ചിട്ടുള്ളത്. പ്രോജക്ട് പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ചെലവ് തുക 21,000 രൂപ തടസ്സപ്പെടുത്തുന്നു.

1-27 ടാർ ബാരൽ വിലയും ജി.എസ്.ടി. യും കുറവുചെയ്യുന്നത് സെക്രട്ടറിയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു

ഗ്രാമപഞ്ചായത്തിൽ 2022-23 ൽ നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഉൾപ്പെടെയുള്ള തുക പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതും, ജി.എസ്.ടി പ്രത്യേകം പിൻവലിച്ച് ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്കു വരുത്തേണ്ടതുമാണ്.

പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഈടാക്കിയ ടാർ വീപ്പയുടെ വില @281 | ഫണ്ടിനം | ചെലവുവിവരം |
|---|---|---|---|---|
| 1 | പാന്നൂർ മുതലപ്പള്ളി റോഡ് മെയിന്റനൻസ്(ടഠ126/23) | 1967 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 427323/-23 /27.3.23. |
| 2 | ശ്രീരംഗം ഇടക്കണ്ണമ്പള്ളിൽ റോഡ് ആദ്യഭാഗം റീ-ടാറിംഗ് | 1681 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 227704/-35/30.6.22 |
| 3 | പഴയചിറ ഒറ്റതെങ്ങ് റോഡ് റീടാറിംഗ് | 2248 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 425102/-5/4.5.22 |
| 4 | മുണ്ടപ്പള്ളി പഴയചിറ റോഡ് പുനരുദ്ധാരണം | 4777 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 920551/-359/27.3.23 |
| 5 | കൈതപറമ്പ് തോണിക്കടവ് റോഡ് ടാറിംഗും പാർശ്വഭിത്തി നിർമ്മാണവും | 2248 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 551357/-351/24.3.23 |
| 6 | ശ്രീരംഗം ഇടക്കുന്നംപള്ളിൽ റോഡ് റീടാറിംഗ് | 1405 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 114816/-35/30.6.22 |
| | ആകെ | 14326 | | |

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (29/20.10.23) മറുപടിയായി ജി.എസ്.ടി. ഇനത്തിൽ കുറവ് ചെയ്ത തുക ടി വകുപ്പിലേയ്ക്കും ബാരൽ വിലയിനത്തിൽ കുറവുചെയ്ത തുക മെയിന്റനൻസ് ഗ്രാന്റ് (റോഡ്) തിരികെ അടയ്ക്കുന്നതിനായി സെക്രട്ടറിയ്ക്ക് കത്ത് നല്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ബന്ധപ്പെട്ട

അക്കൗണ്ടിൽ അടച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-28 കുട്ടംകൈത നന്ദുകാടൻ റോഡ് ടാറിംഗ്-പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല – നടപടിക്രമം പാലിച്ചില്ല

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നം - S0047/23
കരാറുകാരൻ - സഹദേവൻ
കരാർ -നം. 10/AE/LSGD/KPM/2021-22 തീയതി - 3.12.2021
ചെലവുവിവരം - 16/13.3.23 ,236204/-
എഗ്രീഡ് പി.എ.സി - 637043.14 (9%above Estimate PAC)

3.12.21-ൽ കരാർ ചമച്ച കുട്ടംകൈത നന്ദുകാടൻ റോഡ് ടാറിംഗ് എന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 6 മാസം ആയിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 10.02.23-ൽ മാത്രമാണ്. കരാർ കാലയളവിൽ പൂർത്തീകരിക്കാത്ത പ്രവൃത്തിയിൽ PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല. കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല.സപ്ളിമെൻററി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് യാതൊരു നടപടികളും പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുമില്ല. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പരമാവധി 50% വരെ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. മേൽ പ്രകാരമുള്ള നടപടിക്രമങ്ങളൊന്നും സ്വീകരിച്ചിട്ടില്ല. സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല. ഫൈനൽ ബില്ലിൽ നിന്നും 3824 രൂപ പിഴയായി ഈടാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പി.എ.സി. യുടെ അടിസ്ഥാനത്തിൽ പിഴ ഈടാക്കിയിട്ടില്ല.വിശദീകരണം ആവശ്യപ്പെട്ടുനല്കിയ ഓഡിറ്റ് എൻക്വയറിക്ക് (13/18.10.23)മറുപടിയായി നിർമ്മാണവേളയിൽ റോഡിന്റെ ഒരുഭാഗം തോട്ടിലേയ്ക്ക് ഇടിഞ്ഞുവീണതിനാൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിച്ചില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ച കൊണ്ടല്ല പ്രവൃത്തി വൈകിയതെന്നതുകൊണ്ടാണ് 25% പ്രവൃത്തിക്കുമാത്രം പിഴ ഈടാക്കിയതെന്നാണ് അറിയിച്ചിട്ടുള്ളത്. പ്രവൃത്തി നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പി.ഡബ്ലിയു.ഡി മാനുവൽ പ്രകാരമുള്ള നടപടിക്രമം പാലിച്ച മാത്രം പ്രവൃത്തി നടപ്പാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-29 നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2022-23 വർഷം നടപ്പാക്കിയ വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നീ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പ്രോജക്ടിന്റെ പേര് | സ്ഥാപനം | തുക/ബിൽ നം./തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | S0002/23 കുടിവെള്ളം- | കേരള വാട്ടർ അതോറിറ്റി | 2337000/-(ധനകാര്യ കമ്മീഷൻ | 1.പ്രവൃത്തി പൂർത്തിയാക്കി |

| | | | | |
|---|---|---|---|---|
| | പൈപ്പ്ലൈൻ സ്ഥാപിക്കൽ | | അവാർഡ്)<br>234/09.02.23 | |
| 2 | S0041/23<br>കുടിവെള്ളം-പൈപ്പ് ലൈൻ സ്ഥാപിക്കൽ(Spill Over) | കേരള വാട്ടർ അതോറിറ്റി | 762215/-<br>1.600000/-XV FC /22-23/P15/28.11.22<br>2.145215/-XV FC / 22-23/ P16/28.11.22<br>3.17000/-<br>271/ 24.02.22<br>(ധനകാര്യ കമ്മീഷൻ അവാർഡ്)<br>67785/-( തനത് ഫണ്ട്)<br>1.54785/-<br>161/29.11.22<br>2.13000/-<br>272/ 24.02.23 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>2.വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടെങ്കിലും പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തിയിട്ടില്ല |
| 3 | S0001/23<br>തെരുവ് വിളക്ക്-നിലവിലുള്ള ലൈനിൽ സ്ട്രീറ്റ് ലൈനു വേണ്ടി പ്രത്യേക ലൈൻ വലിക്കൽ | കെ.എസ്.ഇ.ബി. | 1835906/-(ധനകാര്യ കമ്മീഷൻ അവാർഡ്)<br>1.532640/-239 /10.02.23<br>2.1303266/-235 /09.02.23 | 2,11,928/- രൂപയുടെ പ്രവൃത്തി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി 16,23,978/-രൂപയുടെ പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല(06/17.10.23). പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കി വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കാത്തതിനാൽ 47,90,978/- (2337000 +830000 +1623978) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 ലൈഫ് ഭവന പദ്ധതി - പണി ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ

2022-23 വർഷം വി.ഇ.ഒ. നിർവഹണം നടത്തിയ ലൈഫ് മിഷൻ ഭവന നിർമ്മാണ പ്രോജക്ടുകൾ പ്രകാരം ആദ്യഗഡു തുകയായ 40,000/-രൂപ കൈപ്പറ്റിയ താഴെ പറയുന്ന വ്യക്തികൾ നാളിതുവരെ ഫൌണ്ടേഷൻ പൂർത്തീകരിച്ചിട്ടില്ല.

| പ്രോജക്ട് നം. | ആനുകൂല്യം കൈപ്പറ്റിയ വ്യക്തിയുടെ പേര്, മേൽവിലാസം | കൈപ്പറ്റിയ തുക |
|---|---|---|
| ലൈഫ് മിഷൻ നിർമ്മാണം (പട്ടിക ജാതി), നം.84/ 23 | ലതിക, അനുജ ഭവനം, വാർഡ്-14 | 15.02.2023 |
| | മധു, കട്ടൂർതെക്കതിൽ, വാർഡ്-11 | 21.02.2023 |
| | സുരേഷ്, സുഭാഷ് ഭവനം, വാർഡ്-11 | 21.02.2023 |
| ലൈഫ് മിഷൻ നിർമ്മാണം (ജനറൽ), നം.83 / 23 | സിന്ധു, പുത്തൻകരിയിൽ, വാർഡ്-1 | 21.03.2023 |
| | അരവിന്ദാക്ഷൻ നായർ, വാർഡ്-6 | 21.03.2023 |

ആദ്യഗഡു കൈപ്പറ്റിയിട്ടും നാളിതുവരെയായിട്ടും ഭവന നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ പോലും ആരംഭിക്കാത്ത ഗുണഭോക്താക്കളെ കൊണ്ട് ഭവനനിർമ്മാണം പ്രവൃത്തികൾ തുടങ്ങിക്കുകയോ അല്ലാത്തപക്ഷം അവരിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-32 ഐ.കെ.എം. വിഹിതം നൽകൽ

പ്രോജക്ട് നം.S0089/23

ഐ.കെ.എം. വിഹിതം നൽകൽ

നിർവ്വഹണം – സെക്രട്ടറി

അടങ്കൽ - 1,08,233 (വികസന ഫണ്ട്)

ചെലവ് - 1,08,233/-( BRN13800402077/10.08.22)

2022-23 വർഷം ഐ.കെ.എം. വിഹിതം നൽകൽ പ്രോജക്ട് പ്രകാരം 1,08,233/- രൂപ ഐ.കെ.എം. ന് നൽകിയിട്ടുണ്ട്. കുടിശിക ഉൾപ്പടെയുള്ള തുകയാണ് നൽകിയിട്ടുള്ളത്. 06.01.2023-ൽ ഐ.കെ.എം. ലഭ്യമാക്കിയിട്ടുള്ള ഡിമാന്റിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കാലയളവ് | നൽകുവാനുള്ള തുക |
|---|---|---|
| 1 | 2019-20 | 43,120 |
| 2 | 2021-22 | 250 |
| 3 | 2022-23 | 60,560 |
| ആകെ | | 1,03,930 |

ആകെ ഡിമാന്റ് 1,03,930/- രൂപ ആണെന്നിരിക്കെ ഡിമാന്റിനേക്കാൾ അധികമായി 4,303/-രൂപ ഐ.കെ.എം.ന് നൽകിയത് ക്രമപ്രകാരമല്ല. അധികമായി നൽകിയ 4303/- രൂപ തിരികെ ഈടാക്കി വിശദാംശം അറിയിക്കുന്നതിനും 1,03,930/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/17.10.23) ലഭിച്ച മറുപടിയോടൊപ്പം ലഭ്യമാക്കിയ ഐ.കെ.എം. ന്റെ 09/23 ലെ കത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. 2023-24 വർഷം നൽകുവാനുണ്ടായിരുന്ന 56,698/- രൂപയിൽ ഗ്രാമ പഞ്ചായത്ത് 52,395/- രൂപ ഒടുക്കിയിട്ടുണ്ട്. 2022-23 വർഷത്തെ 4,303/- രൂപ ക്രമീകരിച്ചതിനാൽ നിലവിൽ ഐ.കെ.എം. ന് നൽകുവാനുള്ള ബാലൻസ് തുക 0 ആണെന്നും കത്തിലുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയത് ഹാജരാക്കുന്നത് വരെ 2022-23 ൽ ആകെ നൽകിയ 1,08,233/- (103930+4303) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 പ്രിന്റിംഗ് ചാർജ്ജ് നൽകിയതിന് ആദായനികുതി ഈടാക്കിയില്ല

1961-ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം ഒറ്റ തവണ ഒരു കോൺട്രാക്ടർക്ക് 30,000/- രൂപയിൽ അധികം നല്കുമ്പോഴോ ഒരു സാമ്പത്തിക വർഷം നല്കുന്ന ആകെ തുക 1,00,000/-രൂപ കവിയുമ്പോഴോ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% സ്ഥാപനങ്ങളാണെങ്കിൽ 2% നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. എന്നാൽ പ്രിന്റിംഗ് ജോലികൾക്കായി 2022-23 ൽ 1,19,050/- രൂപ കൈപ്പറ്റിയ ഡി കെ ഡിസൈൻ എന്ന സ്ഥാപനത്തിൽ നിന്നും 2% ആദായ നികുതി 2,381/- രൂപ ഈടാക്കിയിട്ടില്ല. നികുതി ഈടാക്കി ഒടുക്കേണ്ടതാണ്.

## 1-34 വൃദ്ധർക്ക് കട്ടിൽ- പ്രോജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ

പ്രോജക്ട് നം. – S0096/23

പ്രോജക്ടിന്റെ പേര് - വൃദ്ധർക്ക് കട്ടിൽ-എസ് സി
നിർവ്വഹണം–അസിസ്റ്റന്റ് സെക്രട്ടറി
വികസന ഫണ്ട് (എസ് സി പി)- 87600

തനത് ഫണ്ട് - 2700

ആകെ അടങ്കൽ -90300

ചെലവ് -87,600/- (BRN 800978362 /29.12.22)

2700/- (301/09.03.23)

മേൽ പ്രോജക്ട് പ്രകാരം SIDCOയിൽ നിന്നും 21 പേർക്ക് 4,300/- രൂപ നിരക്കിൽ 23.12.22ലെ

WWK/22-23/49നമ്പർ ഇൻവോയ്സ് പ്രകാരം കട്ടിൽ വാങ്ങി നല്കിയിട്ടുണ്ട്.

1.സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീ.28.05.2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.1.14 (2) പ്രകാരം നിരാലംബരായ 60 വയസ് കഴിഞ്ഞ വയോജനങ്ങൾക്കും ശയ്യാവലംബരായ നിർദ്ധന രോഗികൾക്കും യൂണിറ്റ് ചെലവ് പരമാവധി 4,350 രൂപയിൽ അധികമാവാതെ കട്ടിൽ വാങ്ങി നൽകാവുന്നതാണ്. എന്നാൽ തൻവർഷം കട്ടിൽ കൈപ്പറ്റിയ 21 ഗുണഭോക്താക്കൾ നിരാലംബരാണെന്നൊ, ശയ്യാവലംബരാണെന്നൊ തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. കട്ടിൽ കൈപ്പറ്റിയ ശ്രീമതി ശ്യാമള പി.എൻ., ശ്രാവണം, എരിക്കാവ് എന്ന ഗുണഭോക്താവിന്റെ റേഷൻകാർഡ് പ്രകാരമുള്ള വരുമാനം പ്രതിമാസം 29,000/- രൂപയാണ്. ആയത് പ്രകാരം വാർഷിക വരുമാനം 3 ലക്ഷത്തിൽ കൂടുതൽ ഉള്ള വ്യക്തിക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്.

ന്യൂനതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/20.10.23) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ മാർഗ്ഗരേഖ അനുശാസിക്കും വിധം പ്രോജക്ട് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-35 സർക്കാരിന്റെ പ്രത്യേക അനുവാദം കൂടാതെ ഭക്ഷണ വിതരണത്തിനായി പ്രോജക്ട് നടപ്പാക്കി

പ്രോജക്ട് നം. S0106/23

പ്രോജക്ടിന്റെ പേര് – വിശപ്പ് രഹിത കുമാരപുരം

അടങ്കൽ - 9,50,000(വികസന ഫണ്ട്).

സമൂഹത്തിലെ നിരാലംബർക്ക് രണ്ടുനേരം ഭക്ഷണം എത്തിക്കുന്നതിലൂടെ അവരുടെ ക്ഷേമം ഉറപ്പാക്കുന്നതായിരുന്നു പ്രോജക്ട് ലക്ഷ്യം. മേൽ പ്രോജക്ടിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു ഭക്ഷണ വിതരണം നടത്തിയിട്ടുണ്ട്. നിലവിൽ 39 ഗുണഭോക്താക്കളാണ് ലിസ്റ്റിലുള്ളത്. ഇപ്രകാരം ഭക്ഷണ വിതരണത്തിനായി പ്രോജക്ട് നടപ്പാക്കിയതിനാധാരമായി സബ്സിഡി മാർഗ്ഗരേഖയിലൊ, വാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലൊ നിർദ്ദേശമില്ല.

ഗുണഭോക്താക്കളെ എപ്രകാരമാണ് തെരഞ്ഞെടുത്തത്, അവർ നിലവിലെ അഗതി ആശ്രയ, അതി ദരിദ്രർ എന്നിവയിലെ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ എത്ര പേർ , ആരൊക്കെ എന്നീ വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/20.10.23) ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

“ആശാവർക്കർമാർ മുഖേന പട്ടിക തയ്യാറാക്കി അന്വേഷണ ഉദ്യാഗസ്ഥർ മുഖാന്തിരം ഫീൽഡ് തല അന്വേഷണം നടത്തി ഗ്രാമ പഞ്ചായത്ത് അംഗീകാരത്തോടെ 2020 മുതൽ പ്രസ്തുത പ്രോജക്ട് സുഗമമായി നടന്നു വരുന്നു. ഈ പ്രോജക്ടിലൂടെ കേരളത്തിൽ അതി ദരിദ്രർ ഇല്ലാത്ത 2 പഞ്ചായത്തുകളിലൊന്ന് ആകുവാൻ കുമാരപുരം ഗ്രാമ പഞ്ചായത്തിനു കഴിഞ്ഞു.” എന്നാൽ സർക്കാർ മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഒരു പ്രോജക്ട് വികസന ഫണ്ട് ചെലവഴിച്ച് നടപ്പാക്കിയത് ക്രമപ്രകാരമല്ല.

ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ട്രഷറി ബിൽ നം./ ചെക്ക് നം. | തുക | തുക കൈപ്പറ്റിയ വ്യക്തി /സ്ഥാപനം |
|---|---|---|---|
| 1 | BRN800404229/10.08.22 | 5,22,260 | മെസേഴ്സ് മഹാദേവാ കാറ്ററിംഗ് ഗ്രൂപ്പ്-422260<br>ശ്യാം<br>അശോക്-50000 |

| | | | |
|---|---|---|---|
| | | | രാഹുൽ രവീന്ദ്രൻ – 50000 |
| 2 | BRN800513040/03.09.22 | 20,000 | രാഹുൽ രവീന്ദ്രൻ -10000 നിധീഷ് – 10000 |
| 3 | BRN800547040/16.09.22 | 59,210 | മെസേഴ്സ് മഹാദേവാ കാറ്ററിംഗ് ഗ്രൂപ്പ് |
| 4 | BRN800632017/11.10.22 | 20,000 | രാഹുൽ രവീന്ദ്രൻ -10000 നിധീഷ് – 10000 |
| 5 | BRN800682135/22.10.22 | 55,340 | നവോദയ കുടുംബശ്രീ |
| 6 | BRN800771368/14.11.22 | 73,590 | രാഹുൽ രവീന്ദ്രൻ -10000 നിധീഷ് – 10000 നവോദയ കുടുംബശ്രീ-53590 |
| 7 | BRN800855046/02.12.22 | 74000 | രാഹുൽ രവീന്ദ്രൻ -10000 നിധീഷ് – 10000 നവോദയ കുടുംബശ്രീ-54000 |
| 8 | BRN801380041/16.03.23 | 71460 | രാഹുൽ രവീന്ദ്രൻ -10000 നിധീഷ് – 10000 നവോദയ കുടുംബശ്രീ-51460 |
| 9 | BRN801537072/28.03.23 | 54140 | രാഹുൽ രവീന്ദ്രൻ -10000 നിധീഷ് – 10000 നവോദയ കുടുംബശ്രീ-34140 |
| | ആകെ | 950000 | |

സർക്കാർ അനുമതി കൂടാതെയുള്ള പദ്ധതി ചെലവിന്റെ സാധുത സംബന്ധിച്ച് സർക്കാരിൽ നിന്ന് അഭിപ്രായം തേടേണ്ടതാണ്. പദ്ധതിക്കായി ചെലവഴിച്ച 9,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സർക്കാരിന്റെ പ്രത്യേക അനുമതി ലഭ്യമാക്കി മാത്രം ഇപ്രകാരമുള്ള പ്രോജക്ടുകൾ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-36 ബഡ്സ് റീഹാബിലിറ്റേഷൻ ഫെസിലിറ്റേഷൻ സെന്റർ - പ്രവർത്തനം ആരംഭിച്ചില്ല

പ്രോജക്റ്റ് നം. – S0099/23

പ്രോജക്റ്റിന്റെ പേര് - ബഡ്സ് റീഹാബിലിറ്റേഷൻ ഫെസിലിറ്റേഷൻ സെന്റർ

വികസനഫണ്ട് - 50,000

മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)-12,50,000
ആകെ അടങ്കൽ - 13,00,000

ചെലവ് - 6,32,387/(419/31.03.23)

ഭിന്നശേഷി ക്ഷേമം മുൻനിർത്തി പ്രവൃത്തി ഏറ്റെടുത്ത നടപ്പാക്കുക എന്നതായിരുന്നു അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രസ്തുത പ്രോജക്റ്റിന്റെ ലക്ഷ്യം. ആയതിലേയ്ക്ക് 6,32,387/- രൂപ ചെലവഴിച്ച് കെൽട്രോണിൽ നിന്ന് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.(ഇൻവോയ്സ് നം.PR181/22-23/31.03.23)

പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ പഞ്ചായത്ത് കമ്മറ്റിയുടെ 27.03.23-ലെ 7/11 നമ്പർ തീരുമാന പ്രകാരം ബഡ്സ് റീഹാബിലിറ്റേഷൻ ഫെസിലിറ്റേഷൻ സെന്ററിലേയ്ക്ക് വരുന്നതിന് സന്നദ്ധരായ രക്ഷകർത്താക്കളുടെ 6 കുട്ടികളുടെ ലിസ്റ്റ് അംഗീകരിച്ച് തീരുമാനിക്കുകയും സെന്റർ പ്രവർത്തിക്കുന്നതിനുള്ള കെട്ടിടം 11 മാസത്തേയ്ക്ക് വാടകയ്ക്കെടുക്കുന്നതിന് 10.03.23-ൽ ശ്രീ.പ്രസന്നൻ എന്നവ്യക്തിയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ടെന്ന് വ്യക്തമാകുന്നു. ബി ആർ സി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ. എത്ര കുട്ടികളെ പ്രവേശിപ്പിച്ചിട്ടുണ്ട്. 6,32,387/- രൂപ ചെലവഴിച്ച് വാങ്ങിയ ഉപകരണങ്ങൾ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നത്. വാങ്ങിയ ഉപകരണങ്ങൾ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ടോ എന്നീ വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/20.10.23) ബി ആർ സി പ്രവർത്തനം നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന് മറുപടി ലഭ്യമാക്കി. ബി ആർ സി യ്ക്കായി വാടകയ്ക്ക് എടുത്ത കെട്ടിടത്തിൽ ഉപകരണങ്ങൾ സൂക്ഷിച്ചിരിക്കുകയാണെന്നും അറിയിച്ചു.

സെന്റർ പ്രവർത്തനം ആരംഭിച്ച് ഉപകരണങ്ങൾ സ്ഥാപനത്തിന് കൈമാറുന്നത് വരെ ഉപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ച 6,32,387/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ഉപയോഗ ക്രമത്തിനനുസരിച്ച് നികുതി നിർണ്ണയിച്ചില്ല

ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ മംഗല്യ റിസോർട്ട് എന്ന സ്ഥാപനത്തിന് 7/327 നമ്പർ കെട്ടിടത്തിൽ റിസോർട്ട് ആവശ്യത്തിനായി ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ സഞ്ചയ ഡാറ്റാബെയ്സ് പ്രകാരം ടി ഗണത്തിൽ കെട്ടിടങ്ങൾ നിലവിലില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (16/18.102023) നല്കിയതിന് ഗ്രാമ പഞ്ചായത്തിലെ മംഗല്യ റിസോർട്ടിന് നൽകിയിട്ടുള്ള ലൈസൻസിൽ കെട്ടിട നമ്പർ തെറ്റായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും മംഗല്യ റിസോർട്ടിന്റെ കെട്ടിടനമ്പർ 7/328 ആണെന്നും ഇത് ഓഡിറ്റോറിയങ്ങൾ, ലോഡ്ജുകൾ

എന്നിവയുടെ ഗണത്തിലുൾപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളതെന്നും ടാക്സ് റിവിഷൻ വഴി റിസോർട്ട് ഉപയോഗക്രമത്തിൽ നികുതി നിർണയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 524 ചതുരശ്രമീറ്ററുള്ള പ്രസ്തുത കെട്ടിടത്തിന് 35/-രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ച് ഈടാക്കിക്കൊണ്ടിരിക്കുന്നത്. 2013-ലെ ടാക്സ് റിവിഷൻ പ്രകാരം ചതുരശ്ര മീറ്ററിന് 80/- പ്രകാരമായിരുന്ന നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. ഇതുമൂലം പഞ്ചായത്തിന് നികുതി ഇനത്തിൽ (524x35=18340)-(524x80=41920) =23,580/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഉപയോഗ ക്രമമനുസരിച്ച് നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

പ്രോജക്ട് S00113/22 സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം
നിർവ്വഹണം -ഹെഡ്മിസ്ട്രസ് ജി.എൽ.പി.എസ്.

| | |
|---|---|
| അടങ്കൽ-650000/- | ചെലവ്-625118/- |
| വികസന ഫണ്ട്-450000/- | വികസന ഫണ്ട്-431827/- |
| തനത് ഫണ്ട്-200000/ | തനത് ഫണ്ട്-193291 |

പോത്തപ്പള്ളി ജി.എൽ.പി.എസ് എച്ച്.എം. നിർവ്വഹണം നടത്തിയ പ്രോജക്ടിലുൾപ്പെടുത്തി സ്കൂളുകളിലേക്ക് പ്രഭാതഭക്ഷണത്തിനായി തൻവർഷം 6,25,118/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെക്കൊടുത്തിരിക്കുന്ന അപാകതകൾ ഉണ്ട്.

1)പ്രഭാതഭക്ഷണം നല്കുന്നതിനായി ടെൻഡർ ക്ഷണിച്ചതിന്റെയും, ആരുടെ ടെൻഡർ ആണ് അംഗീകരിച്ചത് എന്നതിന്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല. ബില്ലുകൾ പ്രകാരം 5 വ്യക്തികളുടെ അക്കൌണ്ടിലേക്കാണ് തുകകൾ നല്കിയിരിക്കുന്നത്. ഇവർക്ക് എന്തിന്റെ അടിസ്ഥാനത്തിലാണ് തുക നല്കിയതെന്ന് വ്യക്തമല്ല.ഈ വ്യക്തികൾ സമർപ്പിച്ചിട്ടുള്ള ബില്ലുകളും വൌച്ചറുകളും പ്രാകാരമാണ് തുക മാറി നല്കിയത്. ഇതിൽ നിന്നുതന്നെ ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല എന്നു വ്യക്തമാണ് പാചകക്കൂലി ഇനത്തിൽ തുക കൈപ്പറ്റിയതായുള്ള വൌച്ചറുകളും ബില്ലുകളോടൊപ്പം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഇവർ ഏത് സ്കൂളിലെ പാചകക്കാരാണ് എന്ന് തെളിയിക്കുന്ന അറ്റൻഡൻസ് രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല.

2)വലിയ തുകയുടെ ബില്ലുകൾക്കെല്ലാം പലവ്യഞ്ജനങ്ങൾ, ചപ്പാത്തി, പത്തിരി തുടങ്ങിയവ പ്രഭാതം എ.ഇ യൂണിറ്റ് (കുടുബശ്രീ), മഹാലക്ഷമി കാറ്ററിംഗ് യൂണിറ്റ് എന്നിവയിൽ നിന്നും ടി വ്യക്തികൾ സ്കൂളുകളുടെ പേരിൽ വാങ്ങി നല്കിയതായുള്ള സ്ഥാപനങ്ങളുടെ ബില്ലുകളും വൌച്ചറുകളുമാണ് ഹാജരാക്കിയിരിക്കുന്നത്.

3)ഓരോവ്യക്തികളുടെയും അക്കൌണ്ടിലേക്ക് നല്കിയിരിക്കുന്ന തുകകൾക്ക് അനുസൃതമായി ഹാജരാക്കിയ കടകളുടെയും, കാറ്ററിംഗ് യൂണിറ്റുകളുടെയും ബില്ലുകൾ എല്ലാംതന്നെ ഒന്നിടവിട്ട ക്രമനമ്പരുകളിൽ എഴുതിച്ചേർത്തിട്ടുള്ളവയും വൌച്ചറുകൾ പലതും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ കൈയ്യിൽ നിന്നും തുക കൈപ്പറ്റിയതായി എഴുതി നല്കിയിട്ടുള്ളവയുമാണ് ഹാജരാക്കിയിരിക്കുന്നത്.

4)ഒരു മാസത്തിൽ ഓരോ സ്കൂളിലെ എത്ര കുട്ടികൾക്ക് ഏതെല്ലാം ദിവസങ്ങളിൽ പ്രഭാതഭക്ഷണം നല്കിയിട്ടുണ്ട് എന്ന് തെളിയിക്കുന്നതിനായി അതാത് സ്കൂളിലെ പ്രധാനഅധ്യാപകരുടെ സാക്ഷ്യപത്രം ലഭ്യമല്ല.

5) ഓരോ സ്കൂളിലും എത്ര കുട്ടികൾക്കാണ് പ്രഭാത ഭക്ഷണം നല്കുന്നത് എന്ന് തെളിയിക്കുന്നതിനായി

ഓരോ സ്കൂളിലെയും അറ്റൻഡൻസ് രജിസ്റ്ററിന്റെ പകർപ്പ് സഹിതം കുട്ടികളുടെ എണ്ണം പ്രധാന അധ്യപകൻ രേഖപ്പെടുത്തി നല്കിയത് ലഭ്യമാക്കിയില്ല.

ബിൽപ്രകാരം തുക നല്കിയതിന്റെ വിവരം താഴെകൊടുക്കുന്നു.

| ക്രമ നം. | ബിൽ നം./തീയതി/തുക | സ്കൂളിന്റെ പേര് | തുക കൈപ്പറ്റിയ വ്യക്തിയുടെ പേര് /തുക |
|---|---|---|---|
| 1 | 2/22-23 തീയതി 23.12.2022 53446/- | - | സന്ധ്യ-14514/- |
| | | പോത്തപ്പള്ളി എൽ.പി.എസ് | കൊച്ചുമണി ജെ.-18229/- |
| | | കെ.കെ.കെ.വി.എം.എൽ.പി.എസ് | ഉത്തമൻ-8888/- |
| | | പോത്തപ്പള്ളി എൽ.പി.എസ് | അർച്ചന എസ്.-8159/- |
| | | എരിക്കാവ് യു.പി.എസ് | മഹിളാമണി-3656/- |
| 2 | 3/22-23 തീയതി 23.12.2022 148446/- | 1)പോത്തപ്പള്ളി എൽ.പി.എസ്.<br>2)സിയോൺ എൽ.പി.എസ്.കുമാരപുരം | കൊച്ചുമണി ജെ.-54738/- |
| | | എസ്.എൻ.വി.എൽ.പി.എസ്. താമല്ലാക്കൽ<br>എം.എം.വി.യു.പി.എസ് താമല്ലാക്കൽ | സന്ധ്യ യു.-46582/- |
| | | കെ.കെ.കെ.വി.എം.എൽ.പി.എസ്. | ഉത്തമൻ-25317/- |
| | | പോത്തപ്പള്ളി എൽ.പി.എസ്. | മഹിളാമണി-7571/ |
| | | പോത്തപ്പള്ളി.എൽ.പി.എസ്. | അർച്ചന എസ്.-14238/- |
| 3 | 4/22-23 തീയതി 21.01.2023 129385/- | 1)പോത്തപ്പള്ളി എൽ.പി.എസ്.<br>2)എം.എം.വി.യു.പി.എസ്. താമല്ലാക്കൽ | കൊച്ചുമണി-68963/-<br>സന്ധ്യ .യു-60422/- |
| 4 | 6/22-23 തീയതി 27.3.2023 67693/- | കെ.കെ.കെ.വി.എം.എൽ.പി.എസ്. | ഉത്തമൻ-67693/-(മഹാലക്ഷ്മി കാറ്ററിംഗിന്റെ ബില്ലുകൾ പ്രകാരം തുക നല്കി) |
| 5 | 5/22-23 തീയതി 21.1.2023-10024/- | എരിക്കാവ് യു.പി.എസ്. | മഹിളാമണി-10024/- |
| 6 | 7/22-23 തീയതി 27.3.2023-22833/- | എരിക്കാവ് എൽ.പി.എസ്. | മഹിളാമണി-22833/- |
| 7 | ചെക്ക് നം. 095322/29.3.2023-113312/- | എസ്.എൻ.വി.എൽ.പി.എസ്. താമല്ലാക്കൽ | സന്ധ്യ.യു-55346/-<br>സന്ധ്യ.യു-26797/- |

| | | | |
|---|---|---|---|
| | | എം.എം.വി.യു.പി.എസ്. താമല്ലാക്കൽ പോത്തപ്പള്ളി എൽ.പി.എസ്. | കൊച്ചുമണി-31169/- |
| 8 | ചെക്ക് നം. 095275/14.3.2023-79979/- | കെ.കെ.കെ.വി.എം.എൽ.പി.എസ്. പോത്തപ്പള്ളി എൽ.പി.എസ്. | ഉത്തമൻ-48355/- അർച്ചന-31624/- |

1)സന്ധ്യ യു. ന് ബിൽ നം.2 പ്രകാരം 14,514/-രൂപ നല്കിയിട്ടുണ്ടെങ്കിലും ഏത് സ്കൂളിലേക്ക് ഭക്ഷണം നല്കി എന്നതിന് തെളിവായി വൌച്ചറുകൾ ഹാജരാക്കിയിട്ടില്ല.

2)ബിൽ നം.5 പ്രകാരം മഹിളാമണി എന്ന വ്യക്തിക്ക് 10,024/-രൂപ നല്കിയതിൽ 496/-രൂപയുടെ ബിൽ ഒഴികെ മറ്റെല്ലാം എരിക്കാവ് സ്കൂളിന്റെ പേരിലും 496/-രൂപ പോത്തംപള്ളി എൽ.പി.എസ്.ന വേണ്ടി മഹിളാമണി കൈപ്പറ്റിയതായും രേഖപ്പെടുത്തിയിരിക്കുന്നു. ഇത് എന്തിനുവേണ്ടി കൈപ്പറ്റി എന്ന് രേഖപ്പെടുത്തിയിട്ടില്ല. യാതൊരു അടിസ്ഥാനവുമില്ലാതെ നല്കിയ ഈ തുക തിരികെ ഒടുക്കേണ്ടതാണ്.

3)ബിൽ നം.3-ലെ വൌച്ചറുകൾ പരിശോധിച്ചതിൽ പോത്തപ്പള്ളി എൽ പി.എസിനു വേണ്ടി 10 ദിവസത്തെ പാചകക്കൂലി ഇനത്തിൽ മഹിളാമണിയുടെ 3,000/-രൂപയുടെ കൈപ്പറ്റ് രസീത്, പാചകക്കൂലി ഇനത്തിൽ തന്നെ അർച്ചനയുടെ 3,000/-രൂപയുടെ കൈപ്പറ്റ് രസീത്,ടി ബിൽ പ്രകാരം പോത്തപ്പള്ളി എൽ.പി.എസ്. ന പ്രഭാതഭക്ഷണം നൽകിയ വകയിൽ തുക കൈപ്പറ്റിയിരിക്കുന്ന കൊച്ചുമണിയും പാചകക്കൂലി ഇനത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പക്കൽ നിന്നും 4,000/-രൂപ കൈപ്പറ്റിയതായുള്ള രസീത് എന്നിവയുടെ അടിസ്ഥാനത്തിലാണ് തുക മാറി നൽകിയിട്ടുള്ളത്. അതായത് ഒരു സ്കൂളിനുവേണ്ടി പലരും പാചക്കൂലി ഇനത്തിൽ തുക കൈപ്പറ്റിയതായുള്ള വൌച്ചറുകൾ ലഭ്യമാക്കിയിരിക്കുന്നു.

4)ചെക്ക് നം.095322/29.3.2023 പ്രകാരം തനതുഫണ്ടിൽ നിന്നും 2 റിക്വസിഷൻ പ്രകാരമാണ് സന്ധ്യ.യു വിന് 26,797/-രൂപയും 55,346/രൂപയും നല്കിയിട്ടുള്ളത്. ഇതിൽ 26,797/-രൂപ ഡിസംബർമാസത്തിൽ എസ്.എൻ.വി.എൽ.പി.എസ് താമല്ലാക്കൽ, എം.എം.വി.യു.പി.എസ്, താമല്ലാക്കൽ എന്നീ സ്കൂളുകളിൽ 2.12.2022 /5.12.2022 / 7.12.2022 / 9.12.2022 / 12.12.2022, /14.12.2022എന്നീ തീയതികളിലായി രണ്ട് സ്കൂളുകളിലും ഭക്ഷണം നല്കിയതായുള്ള സന്ധ്യയുടെ സ്റ്റെയ്റ്റ്മെന്റ് പ്രകാരമാണ് തുക മാറിയത്. എന്നാൽ 55,346/-രൂപ നല്കിയതിനും ഇതേ രേഖകളോടൊപ്പം മറ്റ് വൌച്ചറുകളും ബില്ലുകളും ഉൾപ്പെടുത്തിയാണ് തുക നല്കിയത്. അതിനാൽ അധികം നല്കിയ 26,797/-രൂപ തിരികെ ഒടുക്കേണ്ടതാണ്.

5)ഹാജരാക്കിയിരിക്കുന്ന ഒട്ടുമിക്ക വൌച്ചറുകളിലും, സ്ഥാപനങ്ങളുടെ ബില്ലുകളിലും തീയതി/ നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. എന്നതിനാൽ തന്നെ വൌച്ചറുകളും ബില്ലുകളും എത്ര വേണമെങ്കിലും ഹാജരാക്കാൻ കഴിയുന്ന സ്ഥിതിയാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (31/21.10.2023) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വ്യക്തമായ രേഖകളും വിശദീകരണവും നല്കുന്നതുവരെ മേൽ ചെലവ് തുകയിൽ 5,97,825/- രൂപ തടസപ്പെടുത്തുന്നു. വ്യക്തമായ രേഖകൾ ഇല്ലാത്തതിനാൽ അധികം നല്കിയ 496+26797=27,293/-രൂപ തിരികെ ഒടുക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| | വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക: | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|

| സ്ഥാപനം | വർഷം | മുന്നിരിപ്പ് ഉൾപ്പെടെ | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022/23 | 1,11,166 | ലൈഫ്ഭവനം(ST) | 82,000 | 29,166 |
| ബ്ലോക്ക് പഞ്ചായത്ത് | 2022/23 | 1,70,000 | പാലീയേറ്റീവ് കെയർ | 1,70,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022/23 | 6,40,000 | ലൈഫ്ഭവനം(SC) | 640000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022/23 | 2,46,690 | ശാരീരിക മാനസിക സ്കോളർഷിപ്പ് | 246690 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022/23 | 3,05,557 | പാലിന് സബ്സിഡി | 305557 | 0 |
| ജില്ലാപഞ്ചായത്ത് | 2022/23 | 10,40,000 | ലൈഫ് ഭൂമിവാങ്ങൽ | 1040000 | |
| ജില്ലാ പഞ്ചായത്ത് | 2022/23 | 50,000 | പാലിന് സബ്സിഡി | 50,000 | |
| ജില്ലാ പഞ്ചായത്ത് | 2022/23 | 82,230 | ശാരീരിക മാനസിക സ്കോളർഷിപ്പ് | 82,230 | 0 |
| ജില്ലാ പഞ്ചായത്ത് | 2022/23 | 1,35,000 | അനുപൂരകപോഷകാഹാരം | 1,35,000 | 0 |
| | 2022/23 | 10,60,000 | ലൈഫ് ഭവനം | 10,60,000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യൂ.എ. | കുടിവെള്ളം പൈപ്പ് ലൈൻ സ്ഥാപിക്കൽ | 42200810 | 31,33,000 | 0 | 31,33,000 |
| കെ.എസ്.ഇ.ബി. | തെരുവ് വിളക്ക്- | 42200811 | 18,35,906 | 0 | 18,35,906 |

| | | | | | | |
|---|---|---|---|---|---|---|
| | നിലവിലുള്ള ലൈനിൽ സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പ്രത്യേക ലൈൻ വലിക്കൽ | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | | | 4,67,16,000 | 53,14,619 | 0 | 4,14,01,381 |
| ലൈഫ് ഭവനപദ്ധതി | | 12,20,000 | 0 | 0 | 0 | 12,20,000 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച വരവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013/14 | 21(b) | 2,500 | Ramanilayam Finance | 1220101654 05.11.2022 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-2005 | 3-4 | 2007-2008 | 3.27.1 | എസ്റ്റിമേറ്റ് തിരുത്തൽ | റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് |
| 2015-2016 | 2.1 | 2016-17 | ലഭ്യമാക്കിയില്ല | തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച് | റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് |
| 2017-18 | 3-8 | 2018-19 | ലഭ്യമാക്കിയില്ല | വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക | പ്രവൃത്തി പൂർത്തീകരിച്ചു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരുപ്പ് ഉൾപ്പെടെ) | 45658504 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,77,81,981 |
| വരവിനങ്ങളിലുള്ള നഷ്ടം | 23,580 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 27,293 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 75,15,698 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-1 | 23,580 | | ശ്രീ.മണിക്കുട്ടൻ എം., സെക്രട്ടറി |
| 3-1 | | 27,293 | ശ്രീമതി ഗിരിജ എൻ. മാധവ്, ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.എസ്., കുമാരപുരം |
| ആകെ | 23,580 | 27,293 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 13,000 | ഡോ.ലെന്റ അലക്സ്, മെഡിക്കൽ ഓഫീസർ(അലോപ്പതി) |
| 1-22 | 3,30,000 | ശ്രീ.അബ്ദുൾ അഫ്സാർ, വി.ഇ.ഒ. |
| 1-24 | 5,97,825 | ശ്രീമതി ഗിരിജ എൻ മാധവ്, ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.എസ്. |
| 1-25 | 72,275 | ശ്രീമതി ദീപശ്രീ പി.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-26 | 21,000 | ശ്രീമതി ദീപശ്രീ പി.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-29 | 47,90,978 | ശ്രീ.മണിക്കുട്ടൻ എം., സെക്രട്ടറി |
| 1-32 | 1,08,233 | ശ്രീ.മണിക്കുട്ടൻ എം., സെക്രട്ടറി |
| 1-35 | 9,50,000 | ശ്രീമതി സിന്ധു ഈശ്വരൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-36 | 6,32,387 | ശ്രീമതി സിന്ധു ഈശ്വരൻ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 75,15,698 | |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|

| | | |
|---|---|---|
| 1-33 | 2,381 | ശ്രീ.മണിക്കുട്ടൻ എം., സെക്രട്ടറി |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മണിക്കുട്ടൻ എം., സെക്രട്ടറി | വിരമിച്ചു | നെടിയത്ത് ഹൗസ് തറയിൽകടവ് വലിയ അഴീക്കൽ പി.ഒ., ആറാട്ടുപുഴ |
| ശ്രീമതി സിന്ധു ഈശ്വരൻ അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ്സെക്രട്ടറി കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് | പാലക്കോട്ട് ഇല്ലം, കീരിക്കാട് തെക്ക്, കായംകുളം |
| ഡോ.ലെന്റ അലക്സ്, മെഡിക്കൽ ഓഫീസർ(അലോപ്പതി) | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., കുമാരപുരം ഗ്രാമപഞ്ചായത്ത് | കളീയ്ക്കൽഹൗസ്, പന്മന പി.ഒ., ഇടപ്പള്ളിക്കോട്ട |
| ശ്രീമതി ദീപശ്രീ പി.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ നിലമേൽ ഗ്രാമപഞ്ചായത്ത്,കൊല്ലം | പ്രണതി കരുമണ്ഡൽ പറവൂർ പി.ഒ., കൊല്ലം |
| ശ്രീമതി ദീപശ്രീ പി.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ നിലമേൽ ഗ്രാമപഞ്ചായത്ത്, കൊല്ലം | പ്രണതി കരുമണ്ഡൽ പറവൂർ പി.ഒ., കൊല്ലം |
| ശ്രീമതി ഗിരിജ എൻ. മാധവ്, ഹെഡ്മിസ്ട്രസ്, ഗവ. | ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.എസ്. | താഴത്തേല് തിരുവഞ്ചിയൂർ പി.ഒ., |

| | | |
|---|---|---|
| എൽ.പി.എസ്. | | കോട്ടയം |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2018-19 വരെ (2003-04 ഒഴികെ) | കെ.എസ്.എ.–എ.എൽ.പി./പി 10/1311 /2022/28.04.2023 |
| 2003-04 | എൽ.എഫ്.ജി.എ5-1832/2011/12.02.12 |
| 2019-20 | കെ.എസ്.എ.- എ.എൽ.പി.- പി.10-353/2022/ 27.03.2022 |
| 2020-21 | കെ.എസ്.എ.- എ.എൽ.പി.-പി 10/681/2022 /16.07.22 |
| 2021-22 | കെ.എസ്.എ.- എ.എൽ.പി.-പി 10/167/2023 /29.03.23 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 24-07-2023 and submitted on 25-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kumarapuram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kumarapuram Grama Panchayat for the year 2022-2023

Date: 07/12/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Kumarapuram Grama Panchayat for the Year 2022-2023.

#### 1.Major Observations

Nil

#### 2.Other Observations

1. Mandatory documents such as ratios, notes on accounts are not incorporated with AFS.

2. Net increase/decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.

3.Some of the amounts in the deposit register do not match the annual accounts.

4.The audit could not verify the correctness of the amounts included in the annual financial statement in

this category as the DCB was not recorded in the Building Permit Register.

5. Collection and balance of property tax as per sanchaya statement disagrees with the same in AFS.

6.MGNREGS - Expenditure amount in MI statement does not match with annual figure.

7.The deposit amount does not match even after re-conciliation.

8. Demand entries are not recorded at the beginning of the year and every month thereafter.
9.MGNREGS - Expenditure amount in MI statement does not match with annual figure

10.The deposit amount does not match even after re-conciliation.

11.In the case of Central Finance Commission Grant (Basic) and Central Finance Commission Grant (tied) - Expenditure amount as per ACR does not match with Annual Estimates and Sulekha Expenditure Sheet.

12.Institutional tax collection amount does not match between annual accounts and registers.

13.Checks not cashed within the check period are not converted to stale check title.

14.The amount spent by the Kerala Water Authority for investment works during the year is not consistent with the annual budget.

Deputy Director
Kerala State Audit Department
District Audit Office, Alappuzha

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്